# LAITY VOICE

2015 MARCH Volume:5 No:9





*ഇടുക്കി ബിഷപ് ഹൗസ് കോൺഫറൻസ് ഹാളിൽ സംഘടിപ്പിക്കപ്പെട്ട കേരളത്തിലെ വിവിധ ജനകീയ കർഷക പ്രസ്ഥാനങ്ങളുടെ സംസ്ഥാന നേതൃസമ്മേളനം ഇൻഫാം ദേശീയ രക്ഷാധികാരി മാർ മാത്യു അറയ്ക്കൽ ഉദ്ഘാടനം ചെയ്യുന്നു. പി.സി.ജോസഫ് എക്സ് എംഎൽഎ, ഷെവലിയർ വി.സി.സെബാസ്റ്റ്യൻ, കട്ടപ്പന ഇമാം മുഹമ്മദ് റഫീക്ക് അൽ കൗസരി, സി.കെ.മോഹനൻ, മാർ മാത്യു ആനിക്കുഴിക്കാട്ടിൽ, മുതലാംതോട് മണി, ടി.പീറ്റർ, കെ.കെ.ദേവസ്യ എന്നിവർ സമീപം.*

# 'ദ പീപ്പിൾ' കർഷകസംഘടനകൾക്ക് ഐക്യവേദി രൂപീകരിച്ചു

ചെറുതോണി: രാഷ്ട്രീയേതര കർഷക സംഘടനകളുടെ നേതൃസമ്മേളനം ദ പീപ്പിൾ എന്നപേരിൽ കർഷകസംഘടനകളുടെ ഐക്യവേദി രൂപീകരിച്ചു. സംസ്ഥാനത്തെ എല്ലാ ജില്ലകളിൽ നിന്നുള്ള മുപ്പതോളം സംഘടനകളുടെ നേതാക്കൾ ഒരുമിച്ചുചേർന്നാണു കൂട്ടായ്മയ്ക്കു രൂപംനൽകിയത്.

ഇടുക്കി ബിഷപ്സ് ഹൗസ് ഓഡിറ്റോറിയത്തിൽ കൂടിയ കർഷകസംഘടനകളുടെ യോഗമാണ് ദി പീപ്പിളിനു രൂപംനൽകിയത്. ഇൻഫാം രക്ഷാധികാരിയും കാഞ്ഞിരപ്പള്ളി ബിഷപ്പുമായ മാർ മാത്യു അറയ്ക്കൽ ഉദ്ഘാടനം ചെയ്തു. ഹൈറേഞ്ച് സംരക്ഷണസമിതി രക്ഷാധികാരി സി.കെ. മോഹനൻ അധ്യക്ഷത വഹിച്ചു. ഇടുക്കി ബിഷപ് മാർ മാത്യു ആനിക്കുഴിക്കാട്ടിൽ മുഖ്യസന്ദേശം നൽകി. ഷെവ. അഡ്വ. വി.സി. സെബാസ്റ്റ്യൻ വിഷയാവതരണം നടത്തി.

അന്നാ ഹസാരെയുടെ നേതൃത്വത്തിൽ നടക്കുന്ന ഭൂമി ഏറ്റെടുക്കൽ നിയമത്തിനെതിരെയുള്ള സമരത്തിനു സമ്മേളനം പിന്തുണ പ്രഖ്യാപിച്ചു. കട്ടപ്പന ഇമാം മൗലവി മുഹമ്മദ് റഫീക് അൽകൗസരി സ്വാഗതപ്രസംഗം നടത്തി. മലയോര ജനതയുടെ ജീവിതവെല്ലുവിളികൾ എന്ന വിഷയത്തിൽ ഹൈറേഞ്ച് സംരക്ഷ സമിതി ജനറൽ കൺവീനർ ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരയ്ക്കൽ, റബർ മേഖലയിൽ നിലനിൽക്കുന്ന പ്രതിസന്ധിയും സർക്കാരുകൾക്കു മുന്നിലുള്ള പരിഹാര മാർഗങ്ങളും എന്നവിഷയത്തിൽ സെന്റർ ഫോർ ഫാർമേഴ്സ് ഗൈഡൻസ് ആൻഡ് റിസർച്ച് ചെയർമാൻ മുൻ എംഎൽഎ പി.സി. ജോസഫ്, നെല്ല് സംഭരണത്തിലെ പ്രതിസന്ധി എന്ന വിഷയത്തിൽ ദേശീയ കർഷകസമാജം സെക്രട്ടറി മുതലാംതോട് മണി, മത്സ്യബന്ധന മേഖല നേരിടുന്ന പ്രതിസന്ധിയെക്കുറിച്ച് കേരള സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷൻ ജനറൽ സെക്രട്ടറി ടി. പീറ്റർ എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. ചർച്ചയ്ക്കു സെന്റർ ഫോർ കൺസ്യൂമർ എഡ്യുക്കേഷൻ മാനേജിംഗ് ട്രസ്റ്റി ഡിജോ കാപ്പൻ മോഡറേറ്ററായിരുന്നു. യോഗത്തിൽ ഇൻഫാം, ഹൈറേഞ്ച് സംരക്ഷണസമിതി, പശ്ചിമഘട്ട ജനസംരക്ഷണ സമിതി, കുട്ടനാട് വികസന സമിതി, കേരള സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷൻ, ദേശീയ കർഷകസമാജം, സനാതനം കർഷകസമിതി, കർഷകവേദി, വെസ്റ്റേൺ ഗാട്ട് പീപ്പിൾസ് പ്രൊട്ടക്ഷൻ കൗൺസിൽ, പരിയാരം കർഷകസമിതി, ദേശീയ കർഷകസമിതി, തീരദേശ പ്രസ്ഥാനമായ കടൽ, കാഞ്ഞിരപ്പുഴ മലയോര സംരക്ഷണസമിതി, കേരകർഷക സംഘം, സംസ്ഥാന ഇഎഫ്എൽ പീഡിത കൂട്ടായ്മ, റബർ കർഷക സംരക്ഷണസമിതി, അഗ്രികൾച്ചർ ഫോറം, സെന്റർ ഫോർ കൺസ്യൂമർ എഡ്യുക്കേഷൻ, സെന്റർ ഫോർ ഫാർമേഴ്സ് ഗൈഡൻസ് ആൻഡ് റിസർച്ച് തുടങ്ങിയ കർഷകപ്രസ്ഥാനങ്ങളും സംഘടനക ളും പങ്കെടുത്തു.

## കാർഷിക മേഖലയ്ക്കായി കേന്ദ്ര–സംസ്ഥാന ബജറ്റുണ്ടാകണം:

ചെറുതോണി: കേന്ദ്ര-സംസ്ഥാന സർക്കാരുകൾ കൃഷിക്കായി പ്രത്യേക ബജറ്റ് അവതരിപ്പിക്കണമെന്ന് ഇൻഫാം രക്ഷാധികാരി മാർ മാത്യു അറയ്ക്കൽ. വിവിധ കർഷ സംഘടനകളുടെ പൊതുഘടകമായി രൂപീകൃതമായ ദ പീപ്പിൾഎന്ന പ്രസ്ഥാനത്തിന്റെ സംസ്ഥാനതല യോഗം ഉദ്ഘാടനംചെയ്ത് പ്രസംഗിക്കുകയായിരുന്നു ബിഷപ്.

രാജ്യത്തെ ഒന്നരശതമാനംവരുന്ന സർക്കാർ ജീവനക്കാർക്കായിപോലും ബജറ്റിൽ പ്രത്യേക പരാമർശവും തുകയും നീക്കിവയ്ക്കാറുണ്ട്. സമൂഹത്തിന്റെ അടിസ്ഥാന ജനവിഭാഗമായ കർഷകർക്കായി അവരുടെ നിലനിൽപിനായി ബജറ്റില്ല. ആന്ധ്ര, കർണാടക, തമിഴ്നാട് തുടങ്ങിയ സംസ്ഥാനങ്ങൾ കാർഷികമേഖലയിൽ 50 ശതമാനം വൈദ്യുതി ചെലവഴിക്കുമ്പോൾ കേരളത്തിൽ ഇത് ഒന്നരശതമാനം മാത്രമാണ്. ഇതിന് സബ്സിഡിയുമില്ല.

സൗദി അറേബ്യ ഗോതമ്പ് ഉത്പാദിപ്പിച്ച് കയറ്റി അയയ്ക്കുമ്പോൾ നമുക്കതിനു കഴിയുന്നില്ല. കൃഷിയുടെ അനന്തമായ സാധ്യതകൾ പ്രയോജനപ്പെടുത്തി കർഷകർ കക്ഷിരാഷ്ട്രീയത്തിനതീതമായി ജാതിമത വ്യത്യാസമില്ലാതെ ഒന്നിച്ചുകൂടി പ്രവർത്തിക്കണം. അവഗണിക്കപ്പെട്ടുകിടക്കുന്ന ഒരു സമൂഹമാണ് കർഷകർ. അവരെ ഏകോപിപ്പിക്കാനും കർഷകർക്കായി നിലകൊള്ളാനും ആരും രംഗത്തുവരുന്നില്ല. ഈ സാഹചര്യത്തിൽ വിവിധ കർഷക സംഘടനകൾ ഒറ്റക്കെട്ടായി പ്രവർത്തിക്കാൻ തയാറാകണമെന്നും മാർ മാത്യു അറയ്ക്കൽ പറഞ്ഞു.

## എഡിറ്റോറിയൽ

**സംസ്ഥാന സർക്കാർ കർഷകനെ നിരന്തരം കബളിപ്പിക്കുകയാണ്. കേന്ദ്രസർക്കാരിനെ പഴിചാരി രക്ഷപെടുന്ന സ്ഥിരം പല്ലവിയാണ് എക്കാലവും കേരളം മാറിമാറി ഭരിച്ചവർ ആവർത്തിച്ചതും ഇന്നും ആവർത്തിക്കുന്നതും. പതിറ്റാണ്ടുകളോളം കേന്ദ്രം ഭരിച്ച കോൺഗ്രസ് നേതൃത്വ യുപിഎ സർക്കാരിന്റെ കർഷകദ്രോഹത്തിന്റെയും കോർപ്പറേറ്റ് പ്രീണനത്തിന്റെയും അധികാരദുർവിനിയോഗത്തിന്റെയും അന്തഃപുരഅഴിമതികളുടെയും ആഗോള കരാറുകളുടെയും ബാക്കിപത്രമാണ് കേരളത്തിലെ കർഷകർ ഇന്നനുഭവിക്കുന്ന ദുഃഖദുരിതങ്ങൾ.**




കേന്ദ്രസർക്കാർ അവതരിപ്പിച്ച ബജറ്റിന്റെ പ്രതീക്ഷകൾ നഷ്ടപ്പെട്ട വേദനയിലാണ് കേരളത്തിലെ കർഷകർ. റബർ ഉൾപ്പെടെ തകർന്നുകൊണ്ടിരിക്കുന്ന കാർഷികമേഖലയ്ക്ക് പുതുജീവൻ സ്വപ്നം കണ്ടവർക്ക് മോദിബജറ്റ് ഇരുട്ടടിയായി. ഒറ്റവാക്കിൽ ബിജെപി നേതൃത്വം ഇതിന് ഉത്തരം കണ്ടെത്തുന്നു. കേരളത്തിൽ ഞങ്ങൾക്ക് എംപിമാരും എംഎൽഎമാരുമില്ല. കേരളത്തിലെ ജനങ്ങൾ ഇതുവരെയും ബിജെപിയെ പിന്തുണച്ചിട്ടില്ല. ഞങ്ങളെ പിന്തുണച്ചവരെ ഞങ്ങൾ സഹായിക്കും. മേൽ സൂചിപ്പിച്ച ഏറ്റുപറച്ചിലിൽ ന്യായങ്ങളും ന്യായീകരണങ്ങളുമുണ്ടാകാം. പക്ഷേ ജാതിയും മതവും രാഷ്ട്രീയവും നോക്കാതെ പൗരന്മാരുടെ ക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കേണ്ട രാജ്യം ഭരിക്കുന്ന ഒരു സർക്കാരിന്റെ മാന്യമായ ഒരു നിലപാടല്ലിത്. **കാർഷിക മേഖലയുടെ തകർച്ചമൂലം ലക്ഷക്കണക്കിനായ ജനങ്ങൾ വൻ സാമ്പത്തിക പ്രതിസന്ധി നേരിടുമ്പോൾ കണ്ടില്ലെന്ന് നടിച്ച് ഞങ്ങൾക്കിതിൽ പങ്കില്ലെന്നുപറഞ്ഞ് ഉത്തരവാദിത്വങ്ങളിൽ നിന്ന് ഒളിച്ചോടുന്നത് ഒരു ഭരണനേതൃത്വത്തിനും ഭൂഷണമല്ല. വിദേശനിക്ഷേപങ്ങൾക്ക് അവസരമൊരുക്കി കാർഷികമേഖല ആഗോളവൽക്കരിക്കാനുള്ള ബജറ്റ് നിർദ്ദേശങ്ങൾ ഇന്ത്യയിലെ ചെറുകിട കൃഷിക്കാരെ പെരുവഴിയിലാക്കും.** കാർഷിക മേഖല കൃഷിക്കാരിൽ നിന്ന് കോർപ്പറേറ്റുകളിലേയ്ക്ക് മാറ്റാനുള്ള ശ്രമങ്ങൾ വൻ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കും.റബർ, സുഗന്ധവ്യഞ്ജനങ്ങൾ എന്നിവയുടെ കാര്യത്തിൽ കേന്ദ്രബജറ്റിൽ കാണിച്ചിരിക്കുന്ന അവഗണന കേരള സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയെ തകർക്കുന്നതാണ്.

**കരിമ്പിനും ചണത്തിനും ആയിരക്കണക്കിന് കോടി രൂപ അനുവദിച്ച കേന്ദ്രസർക്കാർ കേരളത്തിലെ കർഷകരെ രണ്ടാംതരം പൗരന്മാരായി കണ്ടത് ദുഃഖകരമാണ്. കേരളത്തിൽ നിന്നുള്ള ജനപ്രതിനിധികൾക്കും വീഴ്ചപറ്റി. സംസ്ഥാനത്തോടുള്ള അവഗണനയിൽ ഒറ്റക്കെട്ടായി ശക്തമായി പ്രതിഷേധിക്കുവാനുള്ള ആർജ്ജവം കാണിക്കേണ്ടിയിരുന്നവർ പ്രതികരണശേഷി നഷ്ടപ്പെട്ട് പാർലമെന്റിൽ അധഃപതിച്ചത് കർഷകസമൂഹം വേദനയോടെ കാണുന്നു.**

സംസ്ഥാന സർക്കാരാകട്ടെ, കർഷകനെ നിരന്തരം കബളിപ്പിക്കുകയാണ്. കേന്ദ്രസർക്കാരിനെ പഴിചാരി രക്ഷപെടുന്ന സ്ഥിരം പല്ലവിയാണ് എക്കാലവും കേരളം മാറിമാറി ഭരിച്ചവർ ആവർത്തിച്ചതും ഇന്നും ആവർത്തിക്കുന്നതും. പതിറ്റാണ്ടുകളോളം കേന്ദ്രം ഭരിച്ച കോൺഗ്രസ് നേതൃത്വത്തിന്റെ കർഷകദ്രോഹത്തിന്റെയും കോർപ്പറേറ്റ് പ്രീണനത്തിന്റെയും അധികാരദുർവിനിയോഗത്തിന്റെയും അന്തഃപുര അഴിമതികളുടെയും ആഗോള കരാറുകളുടെയും ബാക്കിപത്രമാണ് കേരളത്തിലെ കർഷകർ ഇന്നനുഭവിക്കുന്ന ദുഃഖദുരിതമെന്നുള്ള യാഥാർത്ഥ്യം സംസ്ഥാനം ഭരിക്കുന്ന യുഡിഎഫ് സർക്കാർ സൗകര്യപൂർവ്വം വിസ്മരിക്കുമ്പോൾ കേരളത്തിലെ കർഷകസമൂഹം സത്യം തിരിച്ചറിയുന്നുവെന്നത് ഉന്നത നേതൃത്വങ്ങൾ മറക്കരുത്.

ചില യാഥാർത്ഥ്യങ്ങൾ പൊതുസമൂഹത്തിന്റെ മുമ്പിൽ ചൂണ്ടിക്കാണിക്കേണ്ടത് മാധ്യമധർമ്മത്തിന്റെ ഭാഗമായി **'ലെയ്റ്റിവോയ്സ്'** കാണുന്നു. ഇരട്ടമുഖവുമായി ജനങ്ങളെ സമീപിക്കുന്ന രാഷ്ട്രീയ നേതൃത്വങ്ങളുടെ കാപഠ്യം തിരിച്ചറിയുവാൻ കർഷകസമൂഹം വൈകിപ്പോയിയെന്ന് സമ്മതിക്കാതെ തരമില്ല. കഴിഞ്ഞ നാളുകളിൽ കർഷകരെ പറഞ്ഞുപറ്റിച്ചവരുടെ തനിനിറം മനസിലാക്കിയാൽ മാത്രം പോര, സത്യങ്ങൾ ബോധ്യപ്പെടുമ്പോൾ പ്രതികരിക്കുവാനുള്ള ആർജ്ജവവും കർഷകർക്കുണ്ടാകണം.

ഒറ്റവാക്കിൽ പറയട്ടെ, **കേരളത്തിലെ കർഷകജനതയുടെ നടുവൊടിച്ച് കണ്ണീർക്കയത്തിൽ മുക്കിത്താഴ്ത്തിയത് പതിറ്റാണ്ടുകൾ രാജ്യം ഭരിച്ച കോൺഗ്രസും യുപിഎ ഭരണവുമാണ്. റബറിന്റെ വിലയിടിവിൽ നട്ടംതിരിയുന്ന കർഷകർ അറിഞ്ഞിരിക്കേണ്ട ചില സത്യങ്ങളിലേയ്ക്ക് ഇവിടെ ഞങ്ങൾ വിരൽചൂണ്ടുന്നു. റബറിന്റെ ഇറക്കുമതി തടയാനോ അളവുപരമായി നിയന്ത്രിക്കാനോ സാധിക്കാത്ത അവസ്ഥയിൽ എത്തിച്ചത് യുപിഎ സർക്കാരിന്റെ ആഗോളവൽക്കരണ**

**ബജറ്റ് ഗീർവാണങ്ങളിലൂടെയും വാചകക്കസർത്തിലൂടെയും ജനങ്ങളെ കൈക്കുള്ളിലാക്കാമെന്ന് ഭരണനേതൃത്വങ്ങൾ കരുതരുത്. ബജറ്റുകളെ പഠിക്കുവാനും വിലയിരുത്തുവാനും ഇന്നത്തെ തലമുറയ്ക്കറിയാം. കഴിഞ്ഞ ബജറ്റുകളിൽ നടത്തിയ പ്രഖ്യാപനങ്ങളിൽ കർഷകജനതയ്ക്ക് എന്തുനേടിക്കൊടുത്തുവെന്ന് ധവളപത്രമിറക്കാനുള്ള തന്റേടം യുഡിഎഫ് സർക്കാരിനുണ്ടോ? ജനങ്ങളെ നിരന്തരം പ്രഹരിച്ച് വൈദ്യുതിചാർജ് കൂട്ടി, ഭൂനികുതി കൂട്ടി, യാത്രാനിരക്ക് കൂട്ടി, ഉപ്പുതൊട്ട് കർപ്പൂരം വരെ വില കുത്തനെ കൂട്ടി. കൂട്ടിക്കിട്ടിയതെല്ലാം നാടുഭരിക്കുന്ന ഉദ്യോഗസ്ഥ തമ്പ്രാക്കൾക്ക് വെച്ചുവിളമ്പുന്നവർ കർഷകപ്രശ്നങ്ങളിൽ മുഖം തിരിഞ്ഞുനിൽക്കുന്നു. 3 ലക്ഷം ഉദ്യോഗസ്ഥരെ തീറ്റിപ്പോറ്റാൻ 12 ലക്ഷം റബർ കർഷകരുൾപ്പെടെ 3 കോടിയിലേറെ ജനങ്ങളെ കൊള്ളയടിച്ച് ഞെക്കിപ്പിഴിയുന്ന ഭരണനേതൃത്വങ്ങളുടെ കാപഠ്യം തിരിച്ചറിയുവാൻ നാം വൈകിപ്പോയി. ഇനിയെങ്കിലും കക്ഷിരാഷ്ട്രീയത്തിനതീതമായി സംഘടിച്ച് പ്രതികരിക്കാനാവുന്നില്ലെങ്കിൽ കാർഷികമേഖലയുടെയും കർഷകജനതയുടെയും അടിത്തറ മാന്തപ്പെടുമെന്നു നാം തിരിച്ചറിയണം.**

**നയങ്ങളിലെ കർഷകവിരുദ്ധ നിലപാടുകളാണെന്ന് തെളിവുകൾ സഹിതം ഞങ്ങൾ ആവർത്തിക്കുന്നു:**

ഇന്ത്യ ലോകവ്യാപാര സംഘടനയിൽ അംഗമായിരിക്കുകയും 1994-ലെ ഗാട്ട് ഉടമ്പടിയിൽ ഒപ്പുവയ്ക്കുകയും ചെയ്തിരിക്കുന്ന സാഹചര്യത്തിൽ റബ്ബറിന്റെ ഇറക്കുമതി ചെറിയൊരുകാലയളവിലേയ്ക്കാണെങ്കിൽക്കൂടി നിരോധിക്കാനോ അളവുപരമായി നിയന്ത്രിക്കാനോ സാധ്യമല്ല. അതല്ലെങ്കിൽ ഗാട്ട് ഉടമ്പടി അങ്ങേയറ്റം സവിശേഷ സാഹചര്യങ്ങളാക്കി ചൂണ്ടിക്കാട്ടുന്ന ആർട്ടിക്കിൾ പന്ത്രണ്ട് (അടവുശിഷ്ടനിലയിലെ ഗുരുതരമായ പ്രതിസന്ധി), ആർട്ടിക്കിൾ ഇരുപത്, ഇരുപത്തൊന്ന് (മനുഷ്യ, സസ്യ, മൃഗ ജൈവനാശം, ദേശീയ സുരക്ഷാ പ്രതിസന്ധി) തുടങ്ങിയവയിലൊന്നിന്റെ സാന്നിധ്യമുണ്ടായിരിക്കണം. വിലത്തകർച്ച, വൻതോതിലുള്ള ഇറക്കുമതി, അധികോൽപ്പാദനത്തിന്റെ കുന്നുകൂട്ടൽ തുടങ്ങിയ സാഹചര്യങ്ങളിലൊന്നിലും ഇറക്കുമതിക്കുമേൽ അളവുപരമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിന് അനുമതി നൽകുന്ന നിബന്ധനകൾ 1994-ലെ ഗാട്ട് ഉടമ്പടിയിലില്ല.

ലോക വാണിജ്യ സംഘടനയിലെ അംഗരാജ്യമെന്ന നിലയിലും 1994-ലെ ഗാട്ട് ഉടമ്പടിയിൽ ഒപ്പുവച്ചിരിക്കുന്ന രാജ്യമെന്ന നിലയിലും ഏതെങ്കിലും ഉൽപ്പന്നത്തിന്റെ ഇറക്കുമതിക്കുമേൽ ചുമത്തുന്ന അടിസ്ഥാന കസ്റ്റംസ് തീരുവ (അപ്ലൈഡ് റേറ്റ് ഓഫ് ബേസിക് കസ്റ്റംസ് ഡ്യൂട്ടി) ഒരു കാരണവശാലും ആ ഉൽപ്പന്നത്തിന് ഇന്ത്യൻ ഗവൺമെന്റ് ലോക വാണിജ്യ സംഘടനയ്ക്ക് ഉറപ്പുനൽകിയിരിക്കുന്ന പ്രഖ്യാപിത നിരക്കിന് (ബൗണ്ട് റേറ്റ്) മേൽ ഉയർത്താൻ പാടുള്ളതല്ല. സ്വാഭാവിക റബറിന്റെ (എച്ച് എസ് കോഡ് 400121, 400122, 400129 എന്നിവയ്ക്കു കീഴിലുള്ള താരിഫ് ലൈനുകൾ പ്രകാരമുള്ള) എല്ലാ ഉണങ്ങിയ രൂപങ്ങൾക്കും ബാധകമായ വിധത്തിൽ ലോകവ്യാപാര സംഘടനയ്ക്ക് ഇന്ത്യ ഉറപ്പുനൽകിയിരിക്കുന്ന പ്രഖ്യാപിത കസ്റ്റംസ് തീരുവ നിരക്ക് 25 ശതമാനമാണ്. സാഹചര്യം ഇങ്ങനെയായിരിക്കെ ഇന്ത്യയിൽ ഇപ്പോൾ നിലവിലുള്ള ബാധകമായ അടിസ്ഥാന കസ്റ്റംസ് തീരുവ (അപ്ലൈഡ് റേറ്റ് ഓഫ് ബേസിക് കസ്റ്റംസ് ഡ്യൂട്ടി) 20 ശതമാനം അല്ലെങ്കിൽ കിലോഗ്രാമിന് 30 രൂപ എന്നിവയിൽ എതാണോ കുറവ് അതാണ്. അതിനാൽ സാധാരണ സാഹചര്യങ്ങളിലൊന്നും ഇന്ത്യയ്ക്ക് സ്വാഭാവിക റബറിന്റെ ഉണക്കുരൂപങ്ങൾക്കു ബാധകമായ അടിസ്ഥാന കസ്റ്റംസ് തീരുവ 25 ശതമാനത്തിനു മുകളിലേയ്ക്ക് ഉയർത്തുന്നതിനാവില്ല. **അതായത്, നിലവിലുള്ള 20 ശതമാനം അഥവാ കിലോഗ്രാമിനു 30 രൂപ ഏതാണോ കുറവ് എന്ന അവസ്ഥയിൽ നിന്ന് 25 ശതമാനമായി കസ്റ്റംസ് തീരുവ ഉയർത്തുന്നതിനു സാധിക്കും. അതുപോലെ കിലോഗ്രാമിന് 30 രൂപ എന്ന പരിധി എടുത്തുമാറ്റുന്നതിനും സാധിക്കും.** മോദി സർക്കാർ ഇതിനായി അടിയന്തരനിലപാട് സ്വീകരിക്കേണ്ടിയിരിക്കുന്നു.

the people

**കസ്റ്റംസ് തീരുവ ഉയർത്തണമെന്നും ഉയർത്തുമെന്നും രാഷ്ടീയനേതൃത്വങ്ങൾ പലകുറി ആവർത്തിക്കുമെങ്കിലും നമ്മൾ വലിയ ചതിക്കുഴിയിലാണെന്നുള്ള വസ്തുത കർഷകർ തിരിച്ചറിയണം. ഒരിക്കലും കരകയറാനാവാതെ വൻ വ്യവസായികളുടെ താൽപര്യങ്ങൾ സംരക്ഷിച്ചുകൊണ്ട് നമ്മെ വൻഗർത്തത്തിലേയ്ക്ക് വലിച്ചെറിഞ്ഞത് മൻമോഹൻസിംഗിന്റെ നേതൃത്വത്തിലുള്ള യുപിഎ സർക്കാരായിരുന്നുവെന്നത് ഈ വൈകിയവേളയിലെങ്കിലും കർഷകർ മനസിലാക്കണം.** ലോക വാണിജ്യ സംഘടനയിലെ അംഗരാജ്യമെന്ന നിലയിലും 1994-ലെ ഗാട്ട് ഉടമ്പടിയിൽ ഒപ്പുവച്ചിരിക്കുന്ന രാജ്യമെന്ന നിലയിലും കുന്നുകൂട്ടൽ (ഡമ്പിങ്) പോലെയുള്ള അന്യായമായ കച്ചവടസമ്പ്രദായങ്ങളെ ഗാട്ട് ഉടമ്പടിയിൽ നിർദ്ദേശിക്കുന്ന നിർവചനങ്ങൾക്കനുസരിച്ച് ഇന്ത്യ നേരിടേണ്ടതുണ്ട്. സ്വാഭാവിക റബറിന്റെ കാര്യമെടുത്താൽ ഇന്ത്യയിൽ കുന്നുകൂട്ടൽ (ഡമ്പിങ്) നടത്തുന്നതായി ഗാട്ട് ഉടമ്പടിപ്രകാരം പറയാൻ സാധിക്കുന്നത് രണ്ട് സാഹചര്യങ്ങളിലാണ്. ഒന്നുകിൽ ഉൽപന്നം കയറ്റുമതി ചെയ്യപ്പെടുന്ന ഉറവിട രാജ്യത്ത് സ്വാഭാവികമായി നിലനിൽക്കുന്ന



നടപ്പുവിലയിലും താഴ്ന്ന വിലയ്ക്ക് അതു കയറ്റുമതി ചെയ്യപ്പെടണം. അല്ലെങ്കിൽ ഉൽപ്പന്നത്തിന്റെ ഉറവിട രാജ്യതത് യഥാർത്ഥത്തിൽ സംഭവിക്കുന്ന ഉല്പാദനച്ചെലവിനേക്കാൾ താഴ്ന്ന നിരക്കിൽ കയറ്റുമതി ചെയ്തിരിക്കണം.

ഈ സാഹചര്യത്തിൽ റബറിന് കുറഞ്ഞവില പ്രഖ്യാപിച്ചാൽ പോലും ഫലപ്രദമായി നടപ്പിലാക്കാൻ സാധിക്കുകയില്ല. റബറിന് നിയമപ്രകാരമുള്ള ഏറ്റവും കുറഞ്ഞവില പ്രഖ്യാപിക്കാൻ സാധിക്കുമെങ്കിലും അതു ഫലപ്രദമായി നടപ്പിൽ വരുത്തണമെങ്കിൽ രണ്ടു പ്രായോഗികമായ ബുദ്ധിമുട്ടുകളാണുള്ളത്. ഒന്നാമതായി ഇറക്കുമതിക്കുമേൽ അളവുപരമായ നിയന്ത്രണങ്ങൾ പ്രാബല്യത്തിൽ കൊണ്ടുവരുന്നതിനു സാധിക്കണം. അതോടൊപ്പം പ്രഖ്യാപിത കുറഞ്ഞവിലയിൽ സ്വാഭാവിക റബർ സംഭരിക്കുന്നതിന് നാമനിർദ്ദേശം ചെയ്യപ്പെട്ട ഏജൻസി നിലവിലുണ്ടായിരിക്കണം. ലോക വാണിജ്യസംഘടനയിലെ അംഗരാജ്യമെന്ന നിലയിലും 1994-ലെ ഗാട്ട് ഉടമ്പടിയിൽ ഒപ്പുവച്ചിരിക്കുന്ന രാജ്യമെന്ന നിലയിലും ഇറക്കുമതിക്കുമേൽ അളവുപരമായ നിയന്ത്രണങ്ങളൊന്നും നടപ്പിൽ വരുത്തുന്നതിനു സാധിക്കില്ല. അതിനാൽ തന്നെ ഏറ്റവും കുറഞ്ഞ വില കാര്യക്ഷമമായ തോതിൽ നടപ്പിലാക്കുന്നതിനും സാധിക്കില്ല. ഇവിടെയെല്ലാം കർഷകനെ മറന്ന് വ്യവസായികൾക്കുവേണ്ടി സ്തുതിഗീതം പാടുന്ന കോൺഗ്രസിനെയാണ് കർഷകസമൂഹം കണ്ടത്. ഇത്തരുണത്തിൽ വേണ്ടത് ഇറക്കുമതി സമയബന്ധിതമായി നിരോധിക്കുകയും സർക്കാർ ഏജൻസികളിലൂടെ റബർ സംഭരിക്കുക്കയുമാണ് വേണ്ടത്.

റബർ ഇറക്കുമതിയുടെ ചില ചരിത്രപശ്ചാത്തലങ്ങളും യാഥാർത്ഥ്യങ്ങളും ജനങ്ങൾ അറിഞ്ഞിരിക്കണം. 2001ൽ ഇന്നത്തെ പ്രതിസന്ധിക്ക് സമാനമായ പ്രതിസന്ധി റബർ മേഖലയിൽ ഉണ്ടായിരുന്നു. ഇൻഫാം ഉൾപ്പെടെയുള്ള കർഷകപ്രസ്ഥാനങ്ങളുടെ നിരന്തരമായ നിവേദനങ്ങൾ കേട്ട് വസ്തുതകൾ പഠിക്കുവാൻ വാജ്പേയി സർക്കാർ തയ്യാറായി. തുടർന്ന് ഇന്ത്യയിലെ രണ്ട് തുറമുഖങ്ങളിൽക്കൂടിമാത്രം (വിശാഖപട്ടണം, കൽക്കത്ത) റബർ ഇറക്കുമതി ചെയ്യുക, ഗുണനിലവാരപരിശോധന കർക്കശമായി നടപ്പിലാക്കുക എന്നീ നിബന്ധനകൾ വെച്ച് വിജ്ഞാപനവും ഇറക്കി. തുറമുഖനിയന്ത്രണത്തിനെതിരെ ബോംബെ ഹൈക്കോടതിയിൽ വ്യവസായികൾ കേസ്കൊടുത്തുവെങ്കിലും തള്ളിപ്പോയി. തുടർന്ന് **സുപ്രീം കോടതിയിൽ കേസ്നടന്നുകൊണ്ടിരിക്കെ കേന്ദ്രത്തിൽ വീണ്ടും അധികാരമേറിയ കോൺഗ്രസ് നേതൃത്വ യുപിഎ സർക്കാർ ഇന്ത്യയിലെ എല്ലാ തുറമുഖങ്ങളിലൂടെയും ആർക്കും യഥേഷ്ടം യാതൊരു നിയന്ത്രണവും, ഗുണനിലവാര പരിശോധനയും ഇല്ലാതെ റബർ ഇറക്കുമതി ചെയ്യാം എന്ന നിലപാടെടുത്തു. ഇത്രമാത്രം കർഷകദ്രോഹം ചെയ്തവരാണ് ഇന്ന് കർഷകരക്ഷയ്ക്കായി തെരുവുകളിൽ പ്രകടനവും സമ്മേളനവും സംഘടിപ്പിക്കുന്നതും വീറോടെ വാദിക്കുന്നതെന്നും നാമോർക്കണം.**

മോദി സർക്കാരിൽ കേരളത്തിലെ കർഷകസമൂഹം ഇന്നും പ്രതീക്ഷവയ്ക്കുകയാണ്. താഴെപ്പറയുന്ന സാഹചര്യങ്ങളാണ് അതിനടിസ്ഥാനം:

1) ബജറ്റിൽ റബർ കർഷകരുടെ രക്ഷയ്ക്കുള്ള കാര്യമായ നിർദ്ദേശങ്ങൾ ഒന്നുമില്ലെങ്കിലും ഇതിനോടകം പുറത്തുവിട്ടിരിക്കുന്ന **റബർ നയരേഖ വേണ്ടഭേദഗതികളോടെ നടപ്പിലാക്കുമെന്നാണ് പ്രതീക്ഷ.** ഈ

**രാഷ്ട്രീയേതര കർഷകപ്രസ്ഥാനങ്ങളുടെ പൊതുവേദി 'ദ പീപ്പിൾ' ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. കർഷകനെ പലതട്ടുകളായി വിഘടിപ്പിച്ചുനിർത്തി വോട്ടുചെയ്യുവാനായി അടിമകളാക്കിവെച്ച് നേട്ടം കൊയ്യുന്നവരുടെ തനിനിറം തുറന്നുകാട്ടുകമാത്രമല്ല, ഒറ്റക്കെട്ടായി ജനകീയ വിഷയങ്ങളിൽ പോരാടുവാൻ കർഷകന് അവസരമൊരുക്കുകയാണ് 'ദ പീപ്പിൾ'.**

ഡ്രാഫ്റ്റിന്റെ പശ്ചാത്തലത്തിൽ കേന്ദ്ര വാണിജ്യമന്ത്രാലയം രാഷ്ട്ര◌ീയപാർട്ടികളോടും ഉദ്യോഗസ്ഥരോടും മാത്രമല്ല രാഷ്ട്രീയേതരമായി പ്രവർത്തിക്കുന്ന കർഷകപ്രസ്ഥാനങ്ങളോടും ചർച്ചയ്ക്കു തയ്യാറാകണം.

2) അഡ്വാൻസ് ലൈസൻസ് എന്ന ഇറക്കുമതിക്ക് ആനുപാതിക ഉല്പന്നകയറ്റുമതിയുടെ സമയപരിമിതി യുപിഎ സർക്കാരിന്റെ കാലത്ത് 3 വർഷമായിരുന്നു. എന്നാൽ മോദി സർക്കാർ **ഈ കാലാവധി 6 മാസമായി വെട്ടിച്ചുരുക്കിയത് വരുംകാല നടപടികളിൽ കർഷകർക്ക് പ്രതീക്ഷയേകുന്നു.** അഡ്വാൻസ് ലൈസൻസിന്റെ മറവിൽ നടന്നുകൊണ്ടിരിക്കുന്ന വൻ അഴിമതിയെക്കുറിച്ച് അന്വേഷിക്കുവാൻ കേന്ദ്രസർക്കാർ നടപടിയെടുക്കണം.

3) പശ്ചിമഘട്ടജനതയുടെ ജീവനും സ്വത്തിനും വെല്ലുവിളിയുയർത്തിയ ഗാഡ്ഗിൽ കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ ശില്പികൾ യുപിഎ സർക്കാരാണ്. കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം 2013 നവംബർ 13ന് പരിസ്ഥിതിലോലമായി പ്രഖ്യാപിച്ച വില്ലേജുകളിൽ കേരളത്തിലെ 123 വില്ലേജുകളും ഉൾപ്പെടുന്നു. ഇതിപ്പോഴും തുടരുകയാണ്. എങ്കിൽത്തന്നെയും വിദേശശക്തികൾക്ക് പശ്ചിമഘട്ടജനതയെ തീറെഴുതിക്കൊടുത്ത യുപിഎ സർക്കാരിന്റെ അതിക്രൂര നടപടി ശരിവെച്ച് തുടർനടപടികൾക്ക് മോദി സർക്കാർ തുനിഞ്ഞില്ലെന്നുള്ളതും കർഷകർക്കു പ്രതീക്ഷയേകുന്നു. മാത്രവുമല്ല അന്തർദ്ദേശീയ ബന്ധവും ആഗോളസാമ്പത്തിക ഇടപാടുകളുമുള്ള ഇന്ത്യയിലെ ചില പ്രമുഖ പരിസ്ഥിതിപ്രസ്ഥാനങ്ങളുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുകയും നിരോധിക്കുകയും ചെയ്തത് കർഷകസമൂഹം സ്വാഗതം ചെയ്യുന്നു.

**കഴിഞ്ഞ യുപിഎ സർക്കാരിൽ കേരളത്തിൽ നിന്ന് അരഡസനിലേറെ കേന്ദ്രമന്ത്രിമാരുണ്ടായിരുന്നു. കർഷകർക്കായി ഇവർ എന്തു നേടിത്തന്നുവെന്ന് നാം വിലയിരുത്തണം. അന്നും ഇന്നും കേരളം ഭരിക്കുന്നത് കോൺഗ്രസ്**



**നേതൃത്വ യുഡിഎഫ് സർക്കാരാണ്. അധികാരത്തിലിരുന്നിട്ട് കർഷകർക്കായി ചെറുവിരൽ അനക്കാനായില്ലെന്നുമാത്രമല്ല നിരന്തരം ദ്രോഹിച്ച് അവന്റെ ജീവിതത്തിന്തന്നെ വെല്ലുവിളിയുയർത്തിയവർ ഇന്നു കാണിക്കുന്ന കപടകർഷകസ്നേഹത്തിന്റെ പിന്നാമ്പുറം മനസിലാക്കി പ്രതികരിക്കുവാൻ കർഷകർ ഇനിയും വൈകരുത്**

റബർ ബോർഡിന്റെ 29 അംഗ ഡയറക്ടർ ബോർഡ് കാലാവധി 2014 ഫെബ്രുവരി 28ന് യുപിഎ സർക്കാരിന്റെ കാലത്തുതന്നെ അവസാനിച്ചു. ഇതുവരെയും പുനഃസംഘടിപ്പിക്കപ്പെട്ടിട്ടില്ല. വൻകിട റബർകർഷകരുടെയും ചെറുകിട റബർ കർഷകരുടെയും മൂന്നു പ്രതിനിധികൾ വീതവും തൊഴിലാളികളുൾപ്പെടെ വിവിധ തലങ്ങളിൽ നിന്ന് 8 പ്രതിനിധികളും ഉൾപ്പെടുന്ന 29അംഗ ഡയറക്ടർ ബോർഡിൽ യഥാർത്ഥ കർഷകരുടെ പ്രതിനിധികൾ ഇല്ലായിരുന്നു. കാലാവധി കഴിഞ്ഞ ബോർഡിലുണ്ടായിരുന്നവർ റബർ കർഷകപ്രശ്നങ്ങളിൽ വ്യക്തമായ നിലപാടുകൾ ചൂണ്ടിക്കാട്ടി നടപടികൾ സ്വീകരിക്കുവാൻ ശ്രമിക്കുകയും അവസരോചിതമായി ഇടപെടുകയും ചെയ്തിരുന്നെങ്കിൽ കർഷകർ ഇന്ന് അഭിമുഖീകരിക്കുന്ന റബർ പ്രതിസന്ധികളിൽ നിന്നു കർഷകസമൂഹം രക്ഷപെടുമായിരുന്നുവെന്നതും നാം അറിയണം.

**the people**

**രാഷ്ട്രീയനേതൃത്വങ്ങൾ നമ്മെ നിരന്തരം വഞ്ചിക്കുന്നുവെന്ന യാഥാർത്ഥ്യം ഇന്നും മനസ്സിലാക്കുവാൻ കർഷകർക്കാകുന്നില്ല. അന്ധമായി ഇക്കൂട്ടരെ വിശ്വസിച്ചുനീങ്ങുന്നവർ വിവരദോഷികളാണ്. വിവിധ രാഷ്ട്രീയ പാർട്ടികൾ വഴിപാടു സമരങ്ങളുമായി തെരഞ്ഞെടുപ്പുകൾ ലക്ഷ്യമാക്കി അവരുടെ കർഷകസംഘടനകളെ ഇപ്പോൾ രംഗത്തിറക്കിയിരിക്കുന്നു. കീരിയും പാമ്പും പോലെ പരസ്പരം കടിച്ചുകീറി നടന്നവർ ഇപ്പോൾ കൈകോർക്കുന്നത് എന്തിനുവേണ്ടിയെന്ന് സാമാന്യബുദ്ധിയുള്ള കർഷകന് നന്നായിട്ടറിയാം.**

ബജറ്റ് ഗീർവാണങ്ങളിലൂടെയും വാചകക്കസർത്തിലൂടെയും ജനങ്ങളെ കൈക്കലാക്കാമെന്ന് യുഡിഎഫ് നേതൃത്വം കരുതരുത്. കഴിഞ്ഞ ബജറ്റുകളിൽ നടത്തിയ പ്രഖ്യാപനങ്ങളിൽ കർഷകജനതയ്ക്ക് എന്തു നേടിക്കൊടുത്തുവെന്ന് ധവളപത്രമിറക്കാനുള്ള തന്റേടം യുഡിഎഫ് സർക്കാരിനുണ്ടോ? ജനങ്ങളെ നിരന്തരം പ്രഹരിച്ച് വൈദ്യുതിചാർജ് കൂട്ടി, ഭൂനികുതി കൂട്ടി, യാത്രാനിരക്ക് കൂട്ടി, ഉപ്പുതൊട്ട് കർപ്പൂരം വരെ വില കുത്തനെ കൂട്ടി. കൂട്ടിക്കിട്ടിയതെല്ലാം നാടുഭരിക്കുന്ന ഉദ്യോഗസ്ഥ തമ്പ്രാക്കൾക്ക് വെച്ചുവിളമ്പുന്നവർ കർഷകപ്രശ്നങ്ങളിൽ മുഖം തിരിഞ്ഞുനിൽക്കുന്നു. 3 ലക്ഷം ഉദ്യോഗസ്ഥരെ തീറ്റിപ്പോറ്റാൻ 12 ലക്ഷം റബർ കർഷകരുൾപ്പെടെ 3 കോടിയിലേറെ ജനങ്ങളെ കൊള്ളയടിച്ച് ഞെക്കിപ്പിഴിയുന്ന ഭരണനേതൃത്വങ്ങളുടെ കാപട്യം തിരിച്ചറിയുവാൻ നാം വൈകിപ്പോയി. സംഘടിച്ച് പ്രതികരിക്കാൻ കർഷകർക്കാവുന്നില്ലെങ്കിൽ കാർഷികമേഖലയുടെയും കർഷകജനതയുടെയും അടിത്തറ മാന്തപ്പെടുമെന്നു നാം തിരിച്ചറിയണം.

രാഷ്ട്രീയേതര കർഷകപ്രസ്ഥാനങ്ങളുടെ പൊതുവേദി 'ദ പീപ്പിൾ' ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. കർഷകനെ പലതട്ടുകളായി വിഘടിപ്പിച്ചുനിർത്തി വോട്ടുചെയ്യുവാനായി അടിമകളാക്കിവെച്ച് നേട്ടം കൊയ്തവരുടെ തനിനിറം തുറന്നുകാട്ടുകമാത്രമല്ല, ഒറ്റക്കെട്ടായി ജനകീയ വിഷയങ്ങളിൽ പോരാടുവാൻ കർഷകന് അവസരമൊരുക്കുകയാണ് 'ദ പീപ്പിൾ'. കേരളത്തിലെ 30ൽ പരം പ്രമുഖ കർഷകപ്രസ്ഥാനങ്ങൾ സഹകരിച്ചുപ്രവർത്തിക്കുവാനുള്ള തീരുമാനം ശുഭലക്ഷണമാണ്. ഇൻഫാം, ഹൈറേഞ്ചു സംരക്ഷണ സമിതി, ഭാരതീയ കർഷക സമാജം, പശ്ചിമഘട്ടജനസംരക്ഷണസമിതി, കുട്ടനാട് വികസനസമിതി, സ്വതന്ത്രമത്സ്യത്തൊഴിലാളി ഫെഡറേഷൻ എന്നിങ്ങനെ പൊതുസമൂഹത്തിന് നിസ്വാർത്ഥ സേവനം ചെയ്യുന്ന പ്രസ്ഥാനങ്ങളുടെ കൂട്ടായ്മയായ 'ദ പീപ്പിൾ' ന്റെ ശക്തമായ ജനകീയ ഇടപെടലുകൾ വരും നാളുകളിൽ പ്രതീക്ഷയേറും.

**ഷെവലിയർ അഡ്വ.വി.സി.സെബാസ്റ്റ്യൻ**
**ചീഫ് എഡിറ്റർ**

# ന്യൂനപക്ഷങ്ങൾക്കെതിരേ അക്രമങ്ങൾ അനുവദിക്കില്ല

## പ്രധാനമന്ത്രി നരേന്ദ്ര മോദി

ന്യൂഡൽഹി: മതസ്പർധയും മതങ്ങൾക്കെതിരായ അക്രമങ്ങളും അനുവദിക്കില്ലെന്നു പ്രധാനമന്ത്രി നരേന്ദ്ര മോദി. എല്ലാവർക്കും ഇഷ്ടമുള്ള വിശ്വാസവും മതവും സ്വീകരിക്കാനും നിലനിർത്താനും പൂർണ സ്വാതന്ത്ര്യം തന്റെ സർക്കാർ ഉറപ്പുവരുത്തുമെന്നു പ്രധാനമന്ത്രി പറഞ്ഞു. എന്തിന്റെ മറവിലായാലും ഒരു മതത്തിനുമെതിരായ അക്രമങ്ങൾ അംഗീകരിക്കാനാവില്ല. ഇത്തരം അക്രമങ്ങളെ ശക്തമായി അപലപിക്കുന്നുവെന്നും ഇതിനെതിരേ തന്റെ സർക്കാർ ശക്തമായ നടപടിയെടുക്കുമെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി ഉറപ്പു നൽകി.

ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചനെയും എവുപ്രാസ്യമ്മയെയും വിശുദ്ധഗണത്തിലേക്കുയർത്തിയതിൽ സീറോ മലബാർ സഭയും ഡൽഹി ഫരീദാബാദ് രൂപതയും സിഎംഐ, സിഎംസി സന്യാസി സമൂഹങ്ങളും സംയുക്തമായി ഡൽഹിയിലെ വിജ്ഞാൻ ഭവനിൽ സംഘടിപ്പിച്ച ദേശീയതല ആഘോഷത്തിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു പ്രധാനമന്ത്രി.

മതവിശ്വാസം എന്നതു തികച്ചും ഒരാളുടെ വ്യക്തിപരമായ സ്വാതന്ത്ര്യമാണെന്നു മോദി പറഞ്ഞു. പരസ്യമായോ രഹസ്യമായോ മതവിദ്വേഷം വളർത്താൻ ഭൂരിപക്ഷമായാലും ന്യൂനപക്ഷമായാലും ഒരു മതവിഭാഗത്തെയും അനുവദിക്കില്ല. മതവിശ്വാസം പൗരന്റെ വ്യക്തിസ്വാതന്ത്ര്യമാണ്. രാജ്യത്ത് ഒരു തരത്തിലുള്ള മതമൗലിക വാദവും അനുവദിക്കാനാവില്ല. എല്ലാ മതങ്ങൾക്കും തുല്യപരിഗണന ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിൽ തന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.

സീറോമലബാർ സഭാ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി ചടങ്ങിൽ അധ്യക്ഷത വഹിച്ചു. കേന്ദ്ര ധന, വാർത്താവിതരണ മന്ത്രി അരുൺ ജയ്റ്റ്‌ലി, ന്യൂനപക്ഷ ക്ഷേമ മന്ത്രി നജ്മ ഹെപ്തുള്ള, രാജ്യസഭാ ഉപാധ്യക്ഷൻ പ്രഫ. പി.ജെ. കുര്യൻ, തൃശൂർ ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത്, ഡൽഹി ആർച്ച്ബിഷപ് ഡോ. അനിൽ കൂട്ടോ തുടങ്ങിയവർ പ്രസംഗിച്ചു. ഡൽഹി-ഫരീദാബാദ് രൂപത ആർച്ച്ബിഷപ് മാർ കുര്യാക്കോസ് ഭരണികുളങ്ങര സ്വാഗതവും വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ വടക്കുംപാടൻ നന്ദിയും പറഞ്ഞു.

ഇന്ത്യ ബുദ്ധന്റെയും ഗാന്ധിജിയുടെയും നാടാണെന്നു പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി. എല്ലാ ഇന്ത്യക്കാരന്റെയും ജനിതക ഘടനയിൽ എല്ലാ മതവിഭാഗങ്ങളോടുമുള്ള തുല്യബഹുമാനമുണ്ടാകണം. ഒരു മതത്തിനും എതിരായുള്ള അക്രമങ്ങൾ അനുവദിക്കാനാകില്ല. ഇത്തരം സംഭവങ്ങൾക്കെതിരേ സർക്കാർ കടുത്ത നടപടികളെടുക്കും. എല്ലാ മതവിഭാഗങ്ങളും പരസ്പര ബഹുമാനത്തോടെ പുരാതന ഭാരതത്തിന്റെ ചൈതന്യം ഉൾക്കൊണ്ടു പ്രവർത്തിക്കണമെന്നു പ്രധാനമന്ത്രി അഭ്യർഥിച്ചു.

അധുനിക ഇന്ത്യക്കുവേണ്ടിയുള്ള എന്റെ ദർശനം യാഥാർഥ്യമാക്കുക എന്ന വലിയ ദൗത്യമാണു മുന്നിലുള്ളത്. സബ്കാ സാഥ്, സബ്കാ വികാസ് എന്നതാണു തന്റെ വികസനമന്ത്രമെന്നും പ്രധാനമന്ത്രി പറഞ്ഞു. എല്ലാവർക്കും ഭക്ഷണം, എല്ലാ കുട്ടികൾക്കും വിദ്യാഭ്യാസം, എല്ലാ വീടുകളിലും വൈദ്യുതിയും ശൗചാലയങ്ങളും എന്നതാണ് ഇതുകൊണ്ട് അർഥമാക്കുന്നത്. ഈ നേട്ടങ്ങൾ ഇന്ത്യയെ അഭിമാനപൂരിതമാക്കും. ഐക്യത്തിലൂടെ മാത്രമേ ഈ നേട്ടങ്ങൾ കൈവരിക്കാനാകൂ. ഐക്യം നമ്മെ ബലപ്പെടുത്തുമെന്നും ഭിന്നത ദുർബലരാക്കുമെന്നും പറഞ്ഞ പ്രധാനമന്ത്രി എല്ലാ ഇന്ത്യാക്കാരോടും സഹകരണവും അഭ്യർഥിച്ചു.

കേരളത്തിൽനിന്നു രണ്ടു പേർ വിശുദ്ധഗണത്തിലേക്കുയർത്തപ്പെട്ടതിന്റെ ആഘോഷച്ചടങ്ങിൽ പങ്കെടുക്കാൻ സാധിച്ചതിൽ തനിക്ക് അതിയായ സന്തോഷമുണ്ടെന്നു പ്രധാനമന്ത്രി പറഞ്ഞു. ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചനും എവുപ്രാസ്യമ്മയും വിശുദ്ധരായി പ്രഖ്യാപിക്കപ്പെട്ടതിൽ രാജ്യം മുഴുവനും അഭിമാനിക്കുന്നു. അവരുടെ ജീവിതം ക്രൈസ്തവ സമൂഹത്തിനു മാത്രമല്ല എല്ലാ മനുഷ്യർക്കും പ്രചോദനമാണ്. ദൈവികതയിലും നിസ്വാർഥ സേവനങ്ങളിലും രണ്ടു വിശുദ്ധരും ശോഭിക്കുന്ന മാതൃകയാണെന്നും പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി.




### പ്രധാനമന്ത്രിയുടെ പ്രസ്താവനയെ ആത്മാർഥതയോടെ കാണുന്നു: മാർ ജോർജ് ആലഞ്ചേരി

ന്യൂഡൽഹി: രാജ്യത്തു മതവിദ്വേഷം ഉണ്ടാക്കാൻ ആരെയും അനുവദിക്കില്ലെന്നും ക്രൈസ്തവർക്കെതിരേ നടക്കുന്ന ആക്രമണങ്ങളെ ശക്തമായി അപലപിക്കുന്നതായുമുള്ള പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പ്രസ്താവനയെ ആത്മാർഥതയോടെ കാണുന്നെന്ന് കർദിനാൾ മാർ ജോർജ് ആലഞ്ചേരി. എന്നാൽ, അതു നടപ്പാക്കാൻ വളരെയേറെ പ്രതിബന്ധങ്ങൾ നേരിടേണ്ടിവരും. പുറമേയുള്ള സമ്മർദങ്ങൾ വളരെയേറെയുള്ളതായതിനാൽ അത് അത്ര എളുപ്പമാകില്ലെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

പ്രധാനമന്ത്രി നൽകിയ ഉറപ്പുകൾ വളരെ ആശ്വാസപ്രദമാണെന്നും അദ്ദേഹത്തിൽ തങ്ങൾക്കു വിശ്വാസമുണ്ടെന്നും ഡൽഹി അതിരൂപത ആർച്ച് ബിഷപ് ഡോ. അനിൽ കൂട്ടോ വ്യക്തമാക്കി.

### പ്രധാനമന്ത്രിയുടെ പ്രസ്താവന സ്വാഗതാർഹം: മാർ ക്ലീമിസ് ബാവാ

തിരുവനന്തപുരം: മതസ്വാതന്ത്ര്യവുമായി ബന്ധപ്പെട്ടു പ്രധാനമന്ത്രി നരേന്ദ്ര മോദി നടത്തിയ പ്രസ്താവന സ്വാഗതം ചെയ്യുന്നതായി സിബിസിഐ പ്രസിഡന്റ് കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ. മതസ്വാതന്ത്ര്യം ഏതു പൗരന്റെയും മൗലികാവകാശമാണെന്നും അതു ഇന്ത്യയിൽ സംരക്ഷിക്കപ്പെടുമെന്നും ന്യൂഡൽഹിയിൽ പ്രധാനമന്ത്രി പറഞ്ഞു.

പ്രധാനമന്ത്രി പറഞ്ഞ വാക്കുകളെ പൂർണ അർഥത്തിൽ മനസിലാക്കുകയും സ്വാഗതം ചെയ്യുകയും ചെയ്യുന്നതായി അദ്ദേഹം പറഞ്ഞു. ഇതുവരെ നടന്ന അക്രമങ്ങളെ അദ്ദേഹം അപലപിച്ചതിലുള്ള സംതൃപ്തി അറിയിച്ചു.

# ഐഎസ് കൊടുംക്രൂരത; 21 ക്രൈസ്തവരെ കഴുത്തറത്തു കൊലപ്പെടുത്തി

കയ്റോ: ലിബിയയിൽ ബന്ദികളാക്കപ്പെട്ട 21 ഈജിപ്ഷ്യൻ കോപ്റ്റിക് ക്രൈസ്തവരെ ഐഎസ് ഭീകരർ തലയറത്തുകൊപ്പെടുത്തുന്നതിന്റെ വീഡിയോ ദൃശ്യങ്ങൾ ഐഎസ് പുറത്തുവിട്ടു. ബന്ദികളുടെ ദാരുണാന്ത്യം സംബന്ധിച്ച് ഈജിപ്ഷ്യൻ സർക്കാരും കോപ്റ്റിക് സഭാധികൃതരും സ്ഥിരീകരണം നൽകി. ബന്ദികളെ വധിച്ചതിനെത്തുടർന്ന് ഈജിപ്ഷ്യൻ യുദ്ധവിമാനങ്ങൾ കിഴക്കൻ ലിബിയയിലെ ഐഎസ് കേന്ദ്രങ്ങളിൽ നടത്തിയ വ്യോമാക്രമണത്തിൽ 64 ഭീകരർക്കു ജീവഹാനി നേരിട്ടതായി റിപ്പോർട്ടുണ്ട്



ഓറഞ്ച് നിറത്തിലുള്ള വസ്ത്രം ധരിച്ച 21 ബന്ദികളെയും ലിബിയൻ തലസ്ഥാനമായ ട്രിപ്പോളിയിലെ കടൽത്തീരത്തുവച്ചാണു തലയറുത്തു കൊന്നത്. കടൽത്തീരത്ത് മണലിൽ നിരയായി മുട്ടുകുത്തി നിറുത്തിയ ഇവർക്കു പിന്നിൽ കറുത്ത വസ്ത്രവും മുഖംമൂടിയും ധരിച്ച് കത്തിയുമായി നിന്ന 21 ഭീകരരാണു വധശിക്ഷ നടപ്പാക്കിയത്. 21 ഈജിപ്ഷ്യൻ ബന്ദികളെയും ചിത്രത്തിൽ കാണുന്നതുപോലെ വധിച്ചതായി ഓൺലൈൻ മാസികയായ ഡബീഖിൽ ഐഎസ് പിന്നീട് അറിയിക്കുകയും ചെയ്തു.

ഡിസംബറിലും ജനുവരിയിലും കിഴക്കൻ ലിബിയയിലെ തീരനഗരമായ സീർത്തെയിൽ നടത്തിയ ആക്രമണത്തിലാണ് ഐഎസ് ഭീകരർ ക്രൈസ്തവരെ ബന്ധികളാക്കിയത്. തൊഴിൽതേടി ആഴ്ചകൾക്കു മുമ്പാണ് 21 പേരും ലിബിയയിലെത്തിയത്.

കടൽത്തീരത്തെ മണലിൽ മുട്ടുകുത്തി നിൽക്കുന്ന ബന്ദികളുടെ വീഡിയോ ചിത്രത്തിനു താഴെ കുരിശിന്റെ ആളുകളെന്നും ഈജിപ്ഷ്യൻ സഭയുടെ അനുയായികളെന്നും എഴുതിക്കാണിക്കുന്നുണ്ട്. കുരിശുയുദ്ധം നടത്തി ഈജിപ്തിലെ മുസ്‌ലിം വനിതകളെ കൊന്നൊടുക്കിയതിനുള്ള പ്രതികാരമാണ് ഈ തലയറുക്കലെന്നു കത്തിയുമായി നിൽക്കുന്ന ഒരു ഭീകരൻ ഇംഗ്ലീഷിൽ അലറുന്നു. ‘‘കുരിശുയുദ്ധം നടത്തിയവരേ, നിങ്ങൾ സുരക്ഷിതരാണെന്നുള്ളതു വെറും തോന്നൽ മാത്രമാണ്. ഷേക് ഉസാമ ബിൻ ലാദനെ കൊന്നശേഷം കെട്ടിതാഴ്ത്തിയ ഈ കടലിൽ നിങ്ങളുടെ രക്തവും ഞങ്ങൾ കലർത്തും.”- കൊലവിളി വീഡിയോയിൽ ഉയർന്നു കേൾക്കാം.

കൂട്ടക്കൊലയ്ക്കു ശേഷം നിരപരാധികളുടെ രക്തം കടലിൽ ഒഴുക്കുന്ന രംഗങ്ങളും വീഡിയോയിലുണ്ട്. റോം പിടിക്കുമെന്നുമുള്ള ഭീഷണി മുഴക്കുന്ന ഭീകരനെയും വീഡിയോയിൽ കാണാം.

വീഡിയോ ദൃശ്യങ്ങൾ പുറത്തുവന്നയുടൻ ഈജിപ്ഷ്യൻ പ്രസിഡന്റ് അബ്ദുൾ ഫത്താ അൽ- സിസി ഉന്നത ദേശീയ സുരക്ഷാസമിതിയുടെ യോഗം വിളിച്ചു. രാജ്യത്ത് ഏഴു ദിവസത്തെ ഔദ്യോഗിക ദുഃഖാചരണം പ്രഖ്യാപിച്ചു.

# ഐഎസിനു ജോർദാന്റെ മറുപടി; ഭീകര വനിതയടക്കം രണ്ടു പേരെ തൂക്കിലേറ്റി



ജറുസലേം: തങ്ങളുടെ പൈലറ്റിനെ നിഷ്കരുണം വധിച്ച ഐഎസിന്റെ ക്രൂരതയ്ക്ക് അതേനാണയത്തിൽ ജോർദാന്റെ മറുപടി. ജോർദാന്റെ തടവിലുണ്ടായിരുന്ന ഐഎസ് ഭീകര വനിത അടക്കം രണ്ടു പേരെ തൂക്കിക്കൊന്നു. ഐഎസ് ഭീകര വനിത സജിത അൽ റിഷാവി, മറ്റൊരു ഭീകരൻ സിയാദ് കർബോൽ എന്നിവരെയാണു തൂക്കിലേറ്റിയത്. തങ്ങളുടെ പൈലറ്റിനെ വധിക്കുന്ന ദൃശ്യങ്ങൾ ഐഎസ് പുറത്തു വിട്ട ഉടൻ ശക്തമായ മറുപടി നൽകാൻ ജോർദാൻ തീരുമാനിക്കുകയായിരുന്നു.

ഡിസംബറിൽ ബന്ദിയാക്കിയ ജോർദാൻകാരനായ പൈലറ്റ് മുവാത് അൽ കസാസ്ബെയെയാണ് ഐഎസ് ഭീകരർ വധിച്ചത്. ഇയാളെ ജീവനോടെ ചുട്ടെരിക്കുകയായിരുന്നു. തുടർന്ന് ഇസ്‌ലാമിക് സ്റ്റേറ്റിന്റെ വെബ്സൈറ്റിൽ കൊലപാതകത്തിന്റെ ചിത്രങ്ങൾ പ്രസിദ്ധീകരിച്ചു. ഡിസംബറിൽ എഫ്-16 വിമാനം സിറിയയിലെ ഐഎസ് സ്വാധീനമേഖലയിൽ തകർന്നു വീണപ്പോഴായിരുന്നു പൈലറ്റ്

(ശേഷം അടുത്ത പേജിൽ)

# ISIS Terrorist Miraculously Received Jesus and Rejected Islam

An ISIS jihadist has recently converted to Christianity after being left for dead near the Eastern border of Syria where he was finally rescued by Christian missionaries from the region, reports the Aleppo Herald this morning, World New Daily Report reported.

The man survived after a confrontation between ISIS and Syrian Army forces. Missionaries from ‘Saint Dominican Catholic Presbytery of Ayyash’ wanted to give the man a proper Christian burial and carried him over 26 kilometers before the man miraculously came back to life as he was believed to have died from his wounds.

Priest Hermann Groschlin reports what happened: “He told me that he was always taught that to die as a martyr would open him the Gates of Jannah, or Gates



of Heaven” recalled the priest. “Yet, as he had started to ascend towards the light of the Heavens, devilish entities, or Jinns he called them, appeared and led him to the fiery pits of Hell. There he

(cntn.on next page)

# കർഷക പ്രശ്നങ്ങളിൽ മുഖംതിരിഞ്ഞു നിന്നാൽ ശക്തമായി പ്രതികരിക്കും:

## മാർ റെമീജിയോസ് ഇഞ്ചനാനിയിൽ

കോഴിക്കോട്: കാർഷികമേഖല പ്രശ്നസങ്കീർണ്ണമായിരിക്കുമ്പോൾ ശക്തമായ ഇടപെടലുകൾക്ക് തയ്യാറാകാതെ ഉത്തരവാദിത്വപ്പെട്ടവർ മുഖംതിരിഞ്ഞുനിന്നാൽ ഇൻഫാം ശക്തമായി പ്രതികരിക്കുമെന്നും കൂട്ടായതും ക്രിയാത്മകവുമായ പ്രവർത്തനങ്ങൾക്ക് കർഷകർ മുന്നോട്ടുവരണമെന്നും താമരശ്ശേരി രൂപതാ ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ സൂചിപ്പിച്ചു.

ഇൻഫാം കോഴിക്കോട്, മലപ്പുറം ജില്ലാ സംയുക്ത നേതൃസമ്മേളനം സ്റ്റാർട്ട് ഇൻസ്റ്റിറ്റ്യൂട്ടിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മാർ ഇഞ്ചനാനിയിൽ. പുത്തൻ വിപണനമേഖലകളും കർഷക ശക്തീകരണ പ്രവർത്തനങ്ങളും ഇൻഫാമിനുണ്ടാകണം. മലബാർ മേഖലയിൽ ഇൻഫാമിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുമെന്ന് ബിഷപ് പറഞ്ഞു.

ജില്ലാ പ്രസിഡന്റ് ജെയിംസ് കോട്ടൂർ അദ്ധ്യക്ഷത വഹിച്ചു. ദേശീയ ജനറൽ സെക്രട്ടറി ഫാ.ആന്റണി കൊഴുവനാൽ, ഷെവലിയർ വി.സി.സെബാസ്റ്റ്യൻ, മുൻ എംഎൽഎ പി.സി.ജോസഫ് എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. ബേബി പെരുമാലിൽ, ഓ.ഡി.തോമസ്, സണ്ണി കൊടുകാപ്പള്ളി, സി.സി.തോമസ്, ജോസ് നെല്ലിക്കൽ, ജോസഫ് കാര്യങ്കൽ തുടങ്ങിയവർ സംസാരിച്ചു. ജില്ലാതല പ്രവർത്തനങ്ങൾക്ക് രൂപരേഖ തയ്യാറാക്കി.




*ഇൻഫാം കോഴിക്കോട്, മലപ്പുറം ജില്ലാ സംയുക്ത നേതൃസമ്മേളനം സ്റ്റാർട്ട് ഇൻസ്റ്റിറ്റ്യൂട്ടിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മാർ ഇഞ്ചനാനിയിൽ.*

had to relive all the pain he had inflicted upon others and every death he had caused throughout his entire life. He even had to relive the decapitations of his victims through their own eyes", images the jihadist claims will haunt him for the rest of his life, admits the priest. "Then God spoke unto him and told him that he had failed miserably as a human soul, that he would be banned from the Gates of Heaven if he chose to die, but that if he chose to live again, he would have another chance to repent of his sins and walk along God's path once again"

The young man claims he was brought back to life moments later and eventually converted to Christianity and refused Islam.

H/T: World New Daily Report

ഐഎസിന്റെ പിടിയിലായത്. ഇയാളെവച്ചുള്ള വിലപേശൽ ഐഎസ് നാളുകളായി തുടരുകയായിരുന്നു.

പൈലറ്റിനു പകരം സജിദ അൽ റിഷാവിയെ മോചിപ്പിക്കാൻ ശ്രമം നടന്നിരുന്നു. ഇതിനു



സമ്മതിക്കുകയും ചെയ്തു. എന്നാൽ, റിഷാവിയെ മോചിപ്പിക്കുന്നതിന് മുമ്പ് പൈലറ്റ് ജീവിച്ചിരിപ്പുണ്ടെന്നു തെളിവു വേണമെന്നു ജോർദാൻ ആവശ്യപ്പെട്ടിരുന്നു. തുടർന്നാണു പൈലറ്റിനെ വധിക്കുന്ന ദൃശ്യങ്ങൾ ഐഎസ് പുറത്തുവിട്ടത്. ഉടൻതന്നെ ഭീകരരെ തൂക്കിലേറ്റാൻ ജോർദാൻ തീരുമാനിക്കുകയായിരുന്നു.

# റബർ സംഭരണം – കർഷകർ ചൂഷണം ചെയ്യപ്പെട്ടുവെന്ന സർക്കാരിന്റെ കുറ്റസമ്മതം ഭരണപരാജയം:ഇൻഫാം

കോട്ടയം: സർക്കാർ നികുതി ഇളവുനൽകി റബർ സംഭരണം നടത്തുമ്പോൾ നേട്ടം ലഭിക്കാതെ കർഷകരെ ഇടനിലക്കാർ ചൂഷണം ചെയ്യുന്നുവെന്ന മുഖ്യമന്ത്രിയുടെ പ്രസ്ഥാവന ഭരണപരാജയവും ഉദ്യോഗസ്ഥ കേന്ദ്രങ്ങളുടെ കെടുകാര്യസ്ഥതയുമാണ് വ്യക്തമാക്കുന്നതെന്ന് ഇൻഫാം ദേശീയസമിതി.

റബർ കർഷക പ്രതിസന്ധിയിൽ സർക്കാരിന്റെ നിലപാടുകളിലും ഇടപെടലുകളിലും യാതൊരു ആത്മാർത്ഥതയുമില്ലെന്ന് കർഷകസമൂഹം ഇതിനോടകം തിരിച്ചറിഞ്ഞിട്ടുണ്ട്. 2014 ഡിസംബർ 18ന് വ്യവസായികളും വൻകിട വ്യാപാരികളുമായി സർക്കാരുണ്ടാക്കിയ കരാർ വൻതട്ടിപ്പാണെന്ന് ഇൻഫാം വിശദാംശങ്ങളും രേഖകളും കണക്കുകളും സഹിതം പലതവണ ചൂണ്ടിക്കാണിച്ചതാണ്. കർഷകരിൽ നിന്ന് 100 –109 രൂപ നിരക്കിൽ വാങ്ങിച്ച റബറിന്റെ വൻസ്റ്റോക്ക് കൈവശമുണ്ടായിരുന്ന വൻകിട വ്യാപാരികൾക്ക് 130 രൂപയ്ക്ക് വിറ്റഴിക്കുവാൻ സർക്കാർ ഇടനിലക്കാരനായി നിന്ന് അവസരമൊരുക്കുക മാത്രമാണ് ഈ കരാറുകൊണ്ടുള്ള നേട്ടമെന്ന് ഇൻഫാം പലതവണ പ്രതികരിച്ചത് സർക്കാർ മറക്കരുത്.

ഗ്രാമങ്ങളിലെ ചെറുകിട റബർ വ്യാപാരികളും ഇവിടെ ബലിയാടാക്കപ്പെടുകയായിരുന്നു. വ്യവസായികളുടെയും ഇടനിലക്കാരുടെയും വൻകിട വ്യാപരികളുടെയും ഉപകരണങ്ങളായി ഭരണസംവിധാനങ്ങൾ തരംതാഴുന്നതിന്റെ പരിണിതഫലമാണ് ലക്ഷക്കണക്കിന് കർഷകരുടെ ഇന്നത്തെ ദുരിതങ്ങൾക്ക് കാരണമെന്ന് ഇൻഫാം ചൂണ്ടിക്കാട്ടി. അഡ്വാൻസ് ലൈസൻസിന്റെ മറവിൽ നിയന്ത്രണങ്ങളൊന്നുമില്ലാതെ നടക്കുന്ന ഇറക്കുമതിയിലെ വൻ തട്ടിപ്പിനെക്കുറിച്ചും 2014 ഡിസംബർ 18ലെ കരാറിന്റെ പശ്ചാത്തലത്തിൽ കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്ന റബർ കച്ചവട അഴിമതിയെക്കുറിച്ചും അന്വേഷിക്കുവാനും നടപടികളെടുക്കുവാനും കേന്ദ്ര സംസ്ഥാന സർക്കാരുകൾ തയ്യാറാകണം. കാർഷിക പ്രതിസന്ധിയിൽ 6000 കോടി രൂപയുടെ കർഷകപദ്ധതിയുമായി ജനങ്ങളുടെ രക്ഷയ്ക്കെത്തിയ തായ്ലണ്ടിലെ പട്ടാളഭരണകൂടത്തെ ഇന്ത്യയിലെയും കേരളത്തിലെയും ജനാധിപത്യസർക്കാരുകൾ കണ്ടുപടിക്കുകയും മാതൃകയാക്കുകയും ചെയ്യണമെന്നും ഇൻഫാം സൂചിപ്പിച്ചു.

ദേശീയ ചെയർമാൻ ഫാ.ജോസഫ് ഒറ്റപ്ലാക്കൽ അദ്ധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി ഫാ.ആന്റണി കൊഴുവനാൽ, ഷെവലിയർ അഡ്വ.വി.സി.സെബാസ്റ്റ്യൻ, ദേശീയ ട്രസ്റ്റി ഡോ.എം.സി.ജോർജ്ജ്, അഡ്വ.പി.എസ്.മൈക്കിൾ, കെ.മൈയ്തീൻ ഹാജി, ജോയി തെങ്ങുംകുടിയിൽ, ഫാ.ജോസ് മോനിപ്പള്ളി, ഫാ.ജോർജ്ജ് പൊട്ടയ്ക്കൽ, ഫാ.ജോസ് തറപ്പേൽ, ബേബി പെരുമാലിൽ, ജോസ് എടപ്പാട്ട്, ടോമി ഇളംതോട്ടം, കെ.എസ്.മാത്യു മാമ്പറമ്പിൽ എന്നിവർ സംസാരിച്ചു.

## ഷിക്കാഗോ സെന്റ് മേരീസിൽ നോമ്പുകാല ധ്യാനം



ഷിക്കാഗോ: ഷിക്കാഗോ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ദേവാലയത്തിൽ ഫാ. ജോ പാച്ചേരി സിഎംഐ ടീം നയിക്കുന്ന നോമ്പുകാല കുടുംബ നവീകരണ ധ്യാനം മാർച്ച് 12, 13, 14, 15 തീയതികളിൽ നടത്തുന്നു. മാർച്ച് 12നു (വ്യാഴം) വൈകുന്നേരം ആറു മുതൽ 9.30 വരെയും വെള്ളി, ശനി, ഞായർ എന്നീ ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകുന്നേരം ഏഴു വരെയാണു ധ്യാനം. വചനപ്രഘോഷണം, ആരാധന, അനുരഞ്ജന ശുശ്രൂഷകൾ, കുടുംബനവീകരണ സന്ദേശങ്ങൾ, ഷിജൻ വടക്കേടൻ നയിക്കുന്ന ഗാനശുശ്രൂഷകൾ എന്നിവയുണ്ടായിരിക്കും. കുട്ടികൾക്കും യുവതി-യുവാക്കൾക്കും ശനി, ഞായർ ദിവസങ്ങളിൽ പ്രത്യേക ധ്യാനം ഉണ്ടായിരിക്കും.

നോമ്പുകാലം ഫലദായകമാക്കാൻ ഒരുക്കപ്പെടുന്ന വചനശുശ്രൂഷകളിലേക്ക് ഏവരെയും സംഘാടകർ സ്വാഗതം ചെയ്തു.

## ഐഎസിന്റെ 56 കേന്ദ്രങ്ങൾ തകർത്തതായി ജോർദാൻ

അമാൻ: ഐഎസ് ഭീകരർക്കെതിരേ തങ്ങൾ സിറിയയിലും ഇറാക്കിലും നടത്തിയ ആക്രമണത്തിൽ അവരുടെ 56 കേന്ദ്രങ്ങൾ തകർത്തതായി ജോർദാൻ സൈനിക വക്താവ് പറഞ്ഞു. എന്നാൽ ആക്രമണം ഏതെല്ലാം മേഖലയിലാണു നടന്നതെന്നു സൈന്യം വെളിപ്പെടുത്തിയിട്ടില്ല. ജോർദാന്റെ വ്യോമസേനാ പൈലറ്റിനെ ഐഎസ് വധിച്ചതിനു പ്രതികാരമായാണ് ഐഎസ് കേന്ദ്രങ്ങളെ ലക്ഷ്യമാക്കിയുള്ള ആക്രമണം ജോർദാൻ ശക്തമാക്കിയത്.

# മാർപാപ്പ ഇരുപത് പുതിയ കർദിനാളന്മാരെ വാഴിച്ചു

**ജോസ് കുമ്പിളുവേലിൽ, ജർമ്മനി**



വത്തിക്കാൻ സിറ്റി: ആഗോള കത്തോലിയ്ക്കാ സഭയ്ക്ക് പുതിയ ഇരുപത് രാജകുമാരന്മാർ കൂടി. പുതിയ കർദിനാൾമാരെ ഫ്രാൻസിസ് ഒന്നാമൻ മാർപാപ്പ വാഴിച്ചു. ഇതോടെ കർദിനാൾ സംഘത്തിൽ വികസ്വര രാജ്യങ്ങളിൽ നിന്നുള്ളവരുടെ എണ്ണത്തിൽ ഗണ്യമായ വർധനയുണ്ടായി.

തന്റെ പിൻഗാമിയെ തെരഞ്ഞെടുക്കുന്നതിൽ നിർണായക സ്വാധീനം വികസ്വര രാജ്യ പ്രതിനിധികൾക്കായിരിക്കുമെന്ന് ഉറപ്പാക്കുന്നതാണ് മാർപാപ്പയുടെ പുതിയ നടപടികളെന്നാണ് വിലയിരുത്തൽ.

എൺപതു വയസിൽ താഴെയുള്ളവരാണ് പുതിയ കർദിനാൾമാരിൽ പതിനഞ്ചു പേരും. എൺപതിൽ താഴെ പ്രായമുള്ള കർദിനാൾമാർക്കു മാത്രമാണ് മാർപാപ്പയെ തെരഞ്ഞെടുക്കാനുള്ള വോട്ടെടുപ്പിൽ പങ്കെടുക്കാൻ അവസരമുള്ളത്. കോൺക്ലേവിൽ വോട്ടവകാശമുള്ള കർദിനാൾമാരുടെ സംഖ്യ ഇതോടെ 125 ആയി ഉയർന്നു. കർദിനാൾ പദവിയിലേക്ക് ഉയർത്തപ്പെട്ട മറ്റ് അഞ്ചുപേർ 80 വയസിനു മേൽ പ്രായമുള്ളവരാണ് എന്നതും ഇത്തവണത്തെ ഒരു പ്രത്യേകതയാണ്. പുതിയ ഇരുപതുപേർ പതിനാല് വ്യത്യസ്ത രാജ്യങ്ങളിൽ നിന്നുള്ളവരാണ്. എല്ലാ വൻകര കളുടെയും പ്രതിനിധികൾ ഇവരിൽ ഉൾപ്പെട്ടി രിക്കുന്നു എന്നതും ശ്രദ്ധേയം.

വത്തിക്കാനിലെ സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽ നടന്ന ചടങ്ങിൽ പോപ്പ് എമരിറ്റസ് ബനഡിക്ട് പതിനാറാമനും പങ്കെടുത്തു. ചടങ്ങിന്റെ ആരംഭത്തിലും അവസാനത്തിലും പോപ്പ് എമരിറ്റസിനെ ഫ്രാൻസിസ് മാർപാപ്പ ആശ്ലേഷിച്ചു.

കർദിനാൾ പദവി വെറും ബഹുമതിയല്ലെന്നും സഭയിലെ ഉത്തരവാദിത്വമുള്ള സ്ഥാനമാണെന്നും ഫ്രാൻസിസ് മാർപാപ്പ സന്ദേശത്തിലൂടെ പുതിയ കർദിനാളന്മാരെ ഓർമിപ്പിച്ചു. എല്ലാവരോടും ദയയോടെ പെരുമാറണം. ഒരുതരത്തിലുള്ള അനീതിയും വച്ചു പൊറുപ്പിക്കരുതെന്നും അസൂയയിൽ നിന്നും അഹങ്കാരത്തിൽ നിന്നും മുക്തി നേടുന്നവരായിരിക്കണമെന്നും ചടങ്ങിൽ നടത്തിയ പ്രസംഗത്തിൽ മാർപാപ്പ പറഞ്ഞു

ആറു ഭൂഖണ്ഡങ്ങളിലെ 16 രാജ്യങ്ങളിൽ നിന്നുള്ളവരാണ് കർദിനാൾ പദവിയിലേക്ക് പുതിയതായി ഉയർത്തപ്പെട്ടവർ. മ്യാൻമർ, ടോംഗോ എന്നീ രാജ്യങ്ങളിൽനിന്ന് കർദിനാൾമാരെ നിയമിക്കുന്നത് സഭയുടെ ചരിത്രത്തിൽ ഇതാദ്യമാണ്.

## ഐഎസ് കുട്ടികളെ പരസ്യമായി ക്രൂശിക്കുകയും ജീവനോടെ കുഴിച്ചിടുകയും ചെയ്യുന്നു:



ജനീവ: ഇറാക്കിൽ ഐഎസ് ഭീകരർ കുട്ടികളേയും ക്രൂരമായി പീഡിപ്പിക്കുന്നുവെന്ന് യുഎൻ നിരീക്ഷണ സമിതിയുടെ റിപ്പോർട്ട്. ആഭ്യന്തര സംഘർഷത്തെ തുടർന്ന് അനാഥരാകുന്ന കുട്ടികളേയും വിവിധ സ്ഥലങ്ങളിൽ നിന്നും അടിമകളാകുന്നവരുടെ മക്കളേയുമാണ് ഇത്തരത്തിൽ ഐഎസ് പീഡിപ്പിക്കുന്നത്. ലൈംഗിക അടിമകളായി ഇവരിൽ നല്ലൊരു ശതമാനത്തെ ഐഎസ് ചന്തകളിൽ വിൽക്കുകയാണ്. 18 വയസിൽ താഴെയുള്ള കുട്ടികളെ മനുഷ്യചാവേറുകളാക്കുകയും ചെയ്യുന്നു.

ന്യൂനപക്ഷവിഭാഗമായ യസീദികളുടെയും ക്രൈസ്തവരുടെയും കുട്ടികളെയാണ് ഐഎസ് പരസ്യമായി ക്രൂശിക്കുകയോ ജീവനോടെ കുഴിച്ചിടുകയോ ചെയ്യുന്നത്. ആൺകുട്ടികളെയാണ് ഇത്തരത്തിൽ കൊലപ്പെടുത്തുന്നത്. രാജ്യത്തു നിന്നും ന്യൂനപക്ഷങ്ങളെ ഇല്ലായ്മ ചെയ്യുന്നതിനാണു കുട്ടികളെ ഇത്തരത്തിൽ കൊലപ്പെടുത്തുന്നതെന്നും യുഎൻ റിപ്പോർട്ടിൽ പറയുന്നു.

കുട്ടികൾക്ക് സുരക്ഷ നൽകേണ്ട ഇറാക്കി സർക്കാർ ഒരു നടപടിയും സ്വീകരിക്കുന്നില്ല. ഐഎസിന്റെ കൈയിൽ നിന്നും ഭാഗ്യംകൊണ്ട് രക്ഷപ്പെടുന്ന കുട്ടികൾ ഇറാക്കിസൈന്യത്തിന്റെ ശക്തമായ വ്യോമാക്രമണത്തിൽ കൊല്ലപ്പെടുകയും ചെയ്യുന്നു. കുട്ടികൾക്ക് ആവശ്യമായ സുരക്ഷ ഇറാക്കിൽ ലഭിക്കുന്നില്ല.

# രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ

51

# സഭൈക്യം

(കഴിഞ്ഞ ലക്കം തുടർച്ച)

**വേർപെട്ടുനിൽക്കുന്ന സഹോദരങ്ങളിൽ കാണുന്ന യഥാർത്ഥ ക്രിസ്തീയമൂല്യങ്ങളെ കത്തോലിക്കർ വിലമതിച്ച് സന്തോഷപുരസ്സരം സ്വീകരിക്കേണ്ടതാണ്. പൊതുവായ പിതൃസമ്പത്തിൽനിന്നാണ് അവർക്ക് അവ ലഭിച്ചിട്ടുള്ളത്. അവരുടെ ജീവിതത്തിൽ കാണുന്ന ക്രിസ്തുവിന്റെ ദാനങ്ങളും സുകൃതപ്രവൃത്തികളും ഏറ്റുപറയുന്നത് രക്ഷാകരവും ഉചിതവുമാണ്.**



**കത്തോലിക്കർ സ്വയം പരിശോധിക്കണം-** കത്തോലിക്കാസഭ ആവിഷ്കൃതമായ എല്ലാ ദൈവികമായ സത്യങ്ങളാലും പ്രസാദവരത്തിന്റെ എല്ലാ ദാനങ്ങളാലും അലംകൃതയാണ്. എങ്കിലും അവളുടെ മക്കൾ തങ്ങൾക്കു യോഗ്യമായ സർവ്വതീക്ഷ്ണതയോടുംകൂടി ജീവിക്കുന്നതിൽ പരാജയമടയുന്നു. അതുകൊണ്ടുവേർപെട്ടുനിൽക്കുന്ന നമ്മുടെ സഹോദരങ്ങളുടെയും പൊതുവെ ലോകത്തിന്റെയും നോട്ടത്തിൽ സഭയുടെ സൗന്ദര്യപ്രകാശം മങ്ങിയിരിക്കുകയാണ്. അങ്ങനെ ദൈവരാജ്യത്തിന്റെ വളർച്ച മുരടിക്കുന്നു. തന്മൂലം എല്ലാ കത്തോലിക്കരും ക്രിസ്തീയ പരിപൂർണ്ണതയ്ക്കായി അവിശ്രമം പരിശ്രമിക്കണം. ക്രിസ്തുവിന്റെ എളിമയും ആശാനിഗ്രഹവും സ്വശരീരത്തിൽ സംവഹിക്കുന്ന സഭ അനുദിനം കൂടുതൽ നവീകൃതയും വിശുദ്ധീകൃതയുമാകാൻവേണ്ടി അവനവന്റെ സാഹചര്യം അനുവദിക്കുന്നതിനുസരണമായി ഓരോ കത്തോലിക്കനും പരിശ്രമിക്കണം. ചുളിവും കളങ്കവുമില്ലാതെ മഹത്വപൂർണ്ണമായി ക്രിസ്തു അവളെ ഉയർത്തുന്നതുവരെ ഈ പരിശ്രമം ദീർഘിക്കേണ്ടതാണ്.

**വൈവിധ്യങ്ങൾ ഐക്യത്തിനു പ്രതിബന്ധമല്ല-** സാരാംശങ്ങളിലെല്ലാം ഐക്യം പാലിച്ചുകൊണ്ട് സഭയിലുള്ള എല്ലാവർക്കും വിവിധതരത്തിലുള്ള ആദ്ധ്യാത്മികജീവിതത്തിലും ശിക്ഷണത്തിലും ആരാധനക്രമങ്ങളുടെ വിവിധത്വത്തിലും ആവിഷ്കൃതസത്യങ്ങളുടെ ദൈവശാസ്ത്രപരമായ വികസനത്തിൽ പോലും ഓരോരുത്തർക്കും ലഭിച്ചിട്ടുള്ള ദാനങ്ങൾക്കനുസരണമായി യുക്തമായ സ്വാതന്ത്ര്യം ഉണ്ടാകാവുന്നതാണ്. എല്ലാറ്റിലും സ്നേഹമാണ് ഉയർന്നുനിൽക്കേണ്ടത്. ഇങ്ങനെ പ്രവർത്തിച്ചുകൊണ്ട് സഭയുടെ യഥാർത്ഥമായ അപ്പസ്തോലികത്വവും, കാതോലികത്വവും അവർ അനുദിനം കൂടുതലായി വെളിവാക്കണം.

വേർപെട്ടുനിൽക്കുന്ന സഹോദരങ്ങളിൽ കാണുന്ന യഥാർത്ഥ ക്രിസ്തീയമൂല്യങ്ങളെ കത്തോലിക്കർ വിലമതിച്ച് സന്തോഷപുരസ്സരം സ്വീകരിക്കേണ്ടതാണ്. പൊതുവായ പിതൃസമ്പത്തിൽനിന്നാണ് അവർക്ക് അവ ലഭിച്ചിട്ടുള്ളത്. അവരുടെ ജീവിതത്തിൽ കാണുന്ന ക്രിസ്തുവിന്റെ ദാനങ്ങളും സുകൃതപ്രവൃത്തികളും ഏറ്റുപറയുന്നത് രക്ഷാകരവും ഉചിതവുമാണ്. ചിലപ്പോൾ രക്തം ചൊരിഞ്ഞുകൊണ്ടുപോലും അവർ ക്രിസ്തുവിനു സാക്ഷ്യം വഹിക്കുന്നവരാണ്, ദൈവം തന്റെ പ്രവൃത്തികളിൽ എപ്പോഴും വിസ്മയനീയനാണ്; എല്ലാ സ്തുതിക്കും അർഹനുമാണ്.

വേർപെട്ടുനിൽക്കുന്ന നമ്മുടെ സഹോദരങ്ങളുടെ ഹൃദയങ്ങളിൽ പരിശുദ്ധാരൂപി പ്രസാദവരംവഴി നിർവ്വഹിക്കുന്ന ഓരോന്നും നമ്മുടെ അനുകരണത്തിന് അർഹമാണെന്ന കാര്യം വിസ്മരിച്ചുകൂടാ. യഥാർത്ഥത്തിൽ ക്രിസ്തീയമായി എന്തൊക്കെയുണ്ടോ അതൊന്നും ഒരിക്കലും സാക്ഷാലുള്ള വിശ്വാസത്തിനു വിരുദ്ധമല്ല. തീർച്ചയായും അവ ക്രിസ്തുവിന്റെയും സഭയുടെയും രഹസ്യം കൂടുതലായി ഗ്രഹിക്കാൻ എപ്പോഴും സഹായകമാണ്.

എന്നിരിക്കിലും ജ്ഞാനസ്നാനം വഴി ബന്ധപ്പെട്ടവരെങ്കിലും പൂർണ്ണമായ ഐക്യത്തിൽ നിന്ന് വേർപെട്ടിരിക്കുന്ന മക്കളിൽ തന്റെ കാതോലികത്വത്തിന്റെ പൂർണ്ണത പ്രസരിപ്പിക്കുന്നതിൽ നിന്ന് ക്രൈസ്തവരുടെ ഇടയിലുള്ള പിളർപ്പുകൾ സഭയ്ക്കു പ്രതിബന്ധമായി നിലകൊള്ളുന്നു. മാത്രമല്ല, സഭയ്ക്കുതന്നെയും സഭയുടെ പൂർണ്ണമായ കാതോലികത്വം അതിന്റെ എല്ലാവശങ്ങളോടുംകൂടി പ്രാവർത്തികജീവിതത്തിൽ വെളിപ്പെടുത്താൻ ഈ ഭിന്നതകൾ വൈഷമ്യമായിത്തീരുന്നു.

സഭൈക്യപ്രവർത്തനങ്ങളിൽ കത്തോലിക്കാവിശ്വാസികളുടെ അനുദിനം വളർന്നുകൊണ്ടിരിക്കുന്ന ഭാഗഭാഗിത്വത്തെ ഈ കൗൺസിൽ സസന്തോഷം ശ്രദ്ധിക്കുന്നു. ഇക്കാര്യം ലോകമെങ്ങുമുള്ള മെത്രാന്മാരെ കൗൺസിൽ ഏല്പിക്കുകയാണ്; അവർ തീക്ഷ്ണതയോടുകൂടി ഇതു വളർത്തണം; വിവേകത്തോടുകൂടി നയിക്കുകയും വേണം.

## അദ്ധ്യായം 2
## സഭൈക്യം പ്രായോഗികതലത്തിൽ

ഐക്യപ്രാപ്തിക്കായുള്ള ദാഹം സമസ്തസഭയേയും, വിശ്വാസികളേയും വൈദികരേയും ഒരുപോലെ സ്പർശിക്കുന്നു. എന്നാൽ ഓരോരുത്തരുടേയും കഴിവനുസരിച്ച് അനുദിന ക്രിസ്തീയജീവിതത്തിലൂടെയോ അല്ലെങ്കിൽ ദൈവശാസ്ത്രപരവും ചരിത്രസംബന്ധവുമായ ഗവേഷണത്തിലൂടെയോ ഇതു പ്രകടിപ്പിക്കുന്നു. ഇതിനപ്പുറം ക്രൈസ്തവർ തമ്മിലുള്ള നിലവിലിരിക്കുന്ന സാഹോദര്യത്തിന്റെകെട്ടുറപ്പിനെ ഏതാണ്ടുവെളിപ്പെടുത്തുകയും ദൈവതിരുവിഷ്ടമനുസരിച്ച് അവികലവും പരിപൂർണ്ണവുമായ ഐക്യത്തിലേയ്ക്കു നയിക്കുകയും ചെയ്യുന്നു.

സഭയുടെ അധുനാതനീകരണം-സഭയുടെ എല്ലാ നവീകരണങ്ങളും അവയുടെ സാരാംശത്തിൽ ദൈവസേവനത്തിലുള്ള വിളിയോട് അവൾ പുലർത്തുന്ന വിശ്വസ്തതയുടെ വർദ്ധനയിലാണ് അടങ്ങിയിരിക്കുന്നത്. അതിനാൽ ഐക്യത്തിനുവേണ്ടിയുള്ള യത്നങ്ങളുടെ അടിസ്ഥാനകാരണം തീർച്ചയായും ഇതുതന്നെ. നിരന്തരമായ നവീകരണത്തിനായി ക്രിസ്തു തീർത്ഥാടകസഭയെ ആഹ്വാനം ചെയ്യുന്നു. മാനുഷികവും ഭൗമികവുമായ സ്ഥാപനം എന്ന നിലയിൽ നിരന്തരം നവീകരണവിധേയമാകേണ്ടതാവശ്യമാണ്. ഇങ്ങനെ ഓരോ കാലത്തും ഭിന്നസാഹചര്യങ്ങളിലും ധാർമ്മികനടപടികളിലാവട്ടെ സഭാശിക്ഷണങ്ങളിലാകട്ടെ, സഭാസിദ്ധാന്തം ആവിഷ്കരിക്കുന്ന രീതിയിലാകട്ടെ വിശ്വാസനിക്ഷേപത്തിൽനിന്നു ഇപ്പറഞ്ഞതിനെ സൂക്ഷ്മമായി വേർതിരിക്കണം. പാകപ്പിഴകൾ വന്നുപോയിട്ടുണ്ടെങ്കിൽ അവയെ യഥാസമയം തിരുത്തി ശരിയായവിധത്തിൽ പുനഃസ്ഥാപിക്കണം.

(തുടരും)

നിങ്ങളുടെ മനസിനെ നിർമ്മലമായി സൂക്ഷിക്കുവിൻ (1 പത്രോ.3:16).

# പ്രാർത്ഥനാധിഷ്ഠിത ജീവിതം



ഫാ.ജോസ് പന്തപ്ലാംതൊട്ടിയിൽ, സിഎംഐ



6

36. "പകൽ മുഴുവനും" "രാത്രിയിലും" (സങ്കീ. 88:1) ദൈവത്തെ വിളിച്ചപേക്ഷിച്ച പാരമ്പര്യമുള്ള ദാവീദ് രാജാവ് "കർത്താവിനെ ഞാൻ എന്നും പുകഴ്ത്തും, അവിടുത്തെ സ്തുതികൾ എപ്പോഴും എന്റെ അധരങ്ങളിലുണ്ടായിരിക്കും"(സങ്കീ. 34: 1) എന്നാണു എഴുതിയിരിക്കുന്നത്. "അനുദിനം അങ്ങയെ പാടി സ്തുതിക്കും" (സങ്കീ. 145: 1) എന്നു പ്രഖ്യാപിച്ച അദ്ദേഹം, അതിരാവിലെ ഉണർന്നു കർത്താവിന്റെ സഹായത്തിനായി നിലവിളിച്ചിരുന്നു (സങ്കീ. 119:147).

37. "ദിവസം മുഴുവനും" നമുക്കു കർത്താവിനെ വിളിച്ചപേക്ഷിക്കാം (സങ്കീ. 86:3) എന്നു ആഹ്വാനം ചെയ്ത ദാവീദ് "പ്രഭാതത്തിൽ അങ്ങയുടെ കരുണയേയും രാത്രിയിൽ അങ്ങയുടെ വിശ്വസ്തതയേയും ഉദ്ഘോഷിക്കുന്നതു എത്ര ഉചിതം" (സങ്കീ. 92:3) എന്നാണു നമ്മെ ഓർമ്മിപ്പിക്കുന്നത്. "സന്ധ്യയിലും പ്രഭാതത്തിലും മധ്യാഹ്നത്തിലും" താൻ പ്രാർത്ഥിക്കുമ്പോൾ കർത്താവ് തന്റെ സ്വരം കേൾക്കും (സങ്കീ. 55:17) എന്നു ആത്മാർത്ഥമായി വിശ്വസിച്ച ദാവീദ് രാത്രിയാമങ്ങളിൽ ഉണർന്നിരുന്നു പ്രാർത്ഥിച്ചിരുന്നു (സങ്കീ. 63:6) എന്നതു നിരന്തരം പ്രാർത്ഥിക്കുവാൻ നമുക്കു പ്രചോദനം നൽകുന്നു.

38. നാം എപ്പോഴും പ്രാർത്ഥിക്കണം. അതുപോലെതന്നെ നാം എവിടെയായിരുന്നാലും പ്രാർത്ഥിക്കണം. ദേവാലയത്തിലും ഭവനത്തിലുമായി നമ്മുടെ പ്രാർത്ഥന നാം ഒതുക്കരുത്. യൂദായിലെ ജനങ്ങളെപ്പോലെ ശക്തന്മാർ നമ്മെ ആക്രമിക്കാവാനിടയായാൽ (2 ദിന. 13 :13–16) നാം തീർച്ചയായും പ്രാർത്ഥിക്കും. ദാനിയേൽ പ്രവാചകനെപ്പോലെ സിംഹക്കുഴിയിലെറിയപ്പെടുവാനിടയായാലും (ദാനിയേൽ 6:19–24) നാം പ്രാർത്ഥിക്കും. ജറമിയ പ്രവാചകനെപ്പോലെ പൊട്ടക്കിണറ്റിൽ താഴ്ത്തപ്പെട്ടാൽ (ജറമിയ 38: 6) പ്രാർത്ഥിക്കുവാൻ നാം മറക്കുമോ? ജോനാപ്രവാചകനെപ്പോലെ ഒരു വൻമത്സ്യം നമ്മെ വിഴുങ്ങിയാൽ (ജോനാ 2:1) അതിന്റെ ഉദരത്തിൽ നിന്നു രക്ഷപ്പെടുന്നതുവരെ നാം പ്രാർത്ഥിക്കില്ലേ? തീർച്ചയായും പ്രശ്നങ്ങൾക്കും പ്രതിസന്ധികൾക്കുമിടയിൽ സ്വാഭാവികമായും പ്രാർത്ഥിക്കുവാൻ നാം മറന്നുപോകില്ല. എന്നാൽ, കാര്യങ്ങളെല്ലാം സുഗമമായി പോകുമ്പോൾ പ്രാർത്ഥനയുടെ കാര്യം നാം ചിലപ്പോഴെങ്കിലും വിസ്മരിക്കാറില്ലേ? അങ്ങനെ സംഭവിക്കാതിരിക്കണമെങ്കിൽ അനുനിമിഷം ദൈവത്തെ സ്തുതിക്കാനും അവിടുത്തേക്കു നന്ദി പറയാനും നാം പഠിക്കണം. നാം വിജനപ്രദേശത്തോ (മർക്കോസ് 1:35) മലമുകളിലോ (മത്തായി 14:23) പൂന്തോട്ടത്തിലോ (മത്തായി 26:36) പുരമുകളിലോ (നടപടി 9:9) കിടക്കയിലോ (സങ്കീ. 4:4) നദീതീരത്തോ (നടപടി 16:13) സമുദ്രതീരത്തോ (നടപടി 21:5) ജയിലിലോ (നടപടി 16:25) എവിടെയോ ആയിക്കൊള്ളട്ടെ. അപ്പോഴൊക്കെ പ്രാർത്ഥിക്കുവാൻ നമുക്കു സാധിക്കണം.

## എന്തിനൊക്കെവേണ്ടി പ്രാർത്ഥിക്കണം

39. നമ്മുടെ പ്രാർത്ഥന പ്രധാനമായും ദൈവത്തിനു ആരാധനയും സ്തുതിയും പുകഴ്ചയും നൽകുവാനുള്ളതാണ്. അതായത്, നമ്മുടെ പ്രാർത്ഥന ദൈവകേന്ദ്രീകൃതമായിരിക്കണമെന്നു സാരം. യേശുനാഥൻ പഠിപ്പിച്ച സ്വർഗസ്ഥനായ പിതാവേ എന്ന പ്രാർത്ഥനയുടെ ആദ്യഭാഗം ഇതാണല്ലോ വ്യക്തമാക്കുന്നത്. അതുപോലെതന്നെ നമ്മുടെ പ്രാർത്ഥനയുടെ മറ്റൊരു ലക്ഷ്യം അവിടത്തോടുള്ള നന്ദിപ്രകടനവുമായിരിക്കണം. എന്നാൽ, പ്രാർത്ഥനയിലൂടെ നാം ദൈവവുമായി ഹൃദയഭാഷണത്തിലേർപ്പെടുമ്പോൾ നമുക്കാവശ്യമുള്ള കാര്യങ്ങൾ അവിടുത്തെ മുൻപിൽ നമുക്കവതരിപ്പിക്കാവുന്നതാണ്. അങ്ങനെ നമുക്കു അവതരിപ്പിക്കാവുന്ന രണ്ടു കാര്യങ്ങളിലൊന്നു നമ്മുടെ അനുദിന ആഹാരമാണ് (മത്തായി 6:11). അതായത് ഭക്ഷണമുൾപ്പെടെയുള്ള നമ്മുടെ അനുദിനാവശ്യങ്ങൾ നടത്തിത്തരണമേ എന്നു അവിടുത്തോടു നമുക്കാവശ്യപ്പെടാനാകും. "ആവശ്യത്തിന് ആഹാരം തന്നു എന്നെ പോറ്റണമേ" എന്ന പ്രാർത്ഥന സുഭാഷിതങ്ങളിലും (30:8) നാം കാണുന്നുണ്ട്. നമ്മുടെ അനുദിനാവശ്യങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കുന്നതോടൊപ്പം പ്രധാനപ്പെട്ടതാണു നമ്മുടെ പാപങ്ങൾക്കു മാപ്പപേക്ഷിക്കുക എന്നതും പ്രലോഭനത്തിൽ നിന്നും തിന്മയിൽനിന്നും രക്ഷിക്കുക എന്ന പ്രാർത്ഥനയും (മത്തായി 6:12–14).

40. നമ്മുടെ പാപങ്ങൾക്കുവേണ്ടി നാം മാപ്പപേക്ഷിക്കുമ്പോൾ പരിശുദ്ധാത്മാവിനാൽ പ്രചോദിതമായ "ദൈവമേ എന്നോട് കരുണ തോന്നണമേ, ദയാപൂർവം എന്റെ പാപങ്ങൾ മായിച്ചുകളയണമേ" എന്നു തുടങ്ങുന്ന അമ്പത്തിയൊന്നാം സങ്കീർത്തനം ചൊല്ലുവാൻ നാം മറക്കരുത്. നമ്മുടെ പാപങ്ങൾക്കുള്ള മാപ്പപേക്ഷയോടൊപ്പം ഒരുമിച്ച് പോകുന്നതാണു നമ്മെ വിശുദ്ധീകരിക്കണമെന്ന അപേക്ഷയും.

41. ദൈവവചചനം പറയുന്നതനുസരിച്ചു നമ്മുടെ വിശുദ്ധീകരണമാണു നമ്മെ സംബന്ധിച്ചിടത്തോളമുള്ള ദൈവത്തിന്റെ അഭീഷ്ടം (1 തെസ. 4: 3). ലോകസ്ഥാപനത്തിനുമുൻപേ ദൈവം നമ്മെ തെരഞ്ഞെടുത്തിരിക്കുന്നതു നാം അവിടുത്തെ സന്നിധിയിൽ നീതിമാന്മാരും കളങ്കരഹിതരുമായിത്തീരുവാൻ വേണ്ടിയാണ് (എഫേ. 1:4). "നിങ്ങളുടെ ദൈവവമായ കർത്താവു പരിശുദ്ധനായിരിക്കുന്നതുപോലെ നിങ്ങളും പരിശുദ്ധരായിരിക്കുവിൻ" (ലേവ്യർ 20:26) എന്ന കല്പന മറ്റാരെക്കാളും പാലിക്കുവാൻ സമർപ്പിതരായ നമ്മൾ കടപ്പെട്ടവരായതുകൊണ്ടു നമ്മുടെ വിശുദ്ധീകരണത്തിനുവേണ്ടിയുള്ള പ്രാർത്ഥ നയ്ക്കു യാചനാപ്രാർത്ഥനകളിൽ നാം പരമപ്രാധാന്യം നൽകിയേ മതിയാവൂ. യേശു തന്റെ ശിഷ്യർക്കുവേണ്ടി പ്രാർത്ഥിച്ചപ്പോൾ അവരെ വിശുദ്ധീകരിക്കണമെന്നായിരുന്നല്ലോ പിതാവായ ദൈവത്തോടു അവിടുന്നു ആവശ്യപ്പെട്ടത് (യോഹന്നാൻ 17:17).

(തുടരും)

"ദിവസം മുഴുവനും" നമുക്കു കർത്താവിനെ വിളിച്ചപേക്ഷിക്കാം (സങ്കീ. 86:3) എന്നു ആഹ്വാനം ചെയ്ത ദാവീദ് "പ്രഭാതത്തിൽ അങ്ങയുടെ കരുണയേയും രാത്രിയിൽ അങ്ങയുടെ വിശ്വസ്തതയേയും ഉദ്ഘോഷിക്കുന്നതു എത്ര ഉചിതം" (സങ്കീ. 92:3) എന്നാണു നമ്മെ ഓർമ്മിപ്പിക്കുന്നത്. "സന്ധ്യയിലും പ്രഭാതത്തിലും മധ്യാഹ്നത്തിലും" താൻ പ്രാർത്ഥിക്കുമ്പോൾ കർത്താവ് തന്റെ സ്വരം കേൾക്കും (സങ്കീ. 55:17) എന്നു ആത്മാർത്ഥമായി വിശ്വസിച്ച ദാവീദ് രാത്രിയാമങ്ങളിൽ ഉണർന്നിരുന്നു പ്രാർത്ഥിച്ചിരുന്നു (സങ്കീ. 63:6) എന്നതു നിരന്തരം പ്രാർത്ഥിക്കുവാൻ നമുക്കു പ്രചോദനം നൽകുന്നു.



*തലശ്ശേരി സന്ദേശ്ഭവനിൽ നടന്ന മലബാർ മേഖലയിലെ വിവിധ കർഷക സംഘടനകളുടെ സംയുക്ത സമ്മേളനം തലശ്ശേരി ആർച്ച്ബിഷപ് മാർ ജോർജ് ഞരളക്കാട്ട് ഉദ്ഘാടനം ചെയ്യുന്നു.*

# കർഷക പ്രസ്ഥാനങ്ങൾ ഒറ്റക്കെട്ടാകണം:

## മാർ ജോർജ്ജ് ഞരളക്കാട്ട്

തലശ്ശേരി: അതിജീവനത്തിനായി കഷ്ടപ്പെടുന്ന കർഷകർ രക്ഷപെടണമെങ്കിൽ വിഭാഗീയതകൾക്കതീതമായി സ്വതന്ത്ര കർഷക പ്രസ്ഥാനങ്ങൾ ഒറ്റക്കെട്ടായി പ്രവർത്തിക്കണമെന്ന് തലശ്ശേരി ആർച്ച്ബിഷപ് മാർ ജോർജ്ജ് ഞരളക്കാട്ട്. തലശ്ശേരി സന്ദേശ്ഭവനിൽ നടന്ന മലബാർ മേഖലയിലെ വിവിധ കർഷക സംഘടനകളുടെ സംയുക്ത സമ്മേളനം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. ഉല്പാദന ചെലവനുസരിച്ച് കാർഷികോല്പന്നങ്ങൾക്ക് വിലലഭിക്കാത്തതാണ് കർഷകർ അനുഭവിക്കുന്ന പ്രധാന പ്രശ്നം. കാർഷികോല്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കാൻ അടിയന്തര നടപടിയുണ്ടാകണം. വിദ്യാഭ്യാസ വായ്പയെടുത്ത കർഷകർക്കു പലിശയിളവ് നൽകാൻ സർക്കാർ തയ്യാറാകണം. വന്യമൃഗശല്യം മൂലവും കർഷകർ ദുരിതമനുഭവിക്കുകയാണ്. ഇതിനു പരിഹാരമുണ്ടാകണം. ഭരണാധികാരികൾ കർഷകരെ ശത്രുക്കളായി കാണുന്ന നിലപാട് മാറ്റണം. കർഷകനും കാർഷിക മേഖലയും അനുഭവിക്കുന്ന പ്രശ്നങ്ങൾക്ക് അടിയന്തര പരിഹാരം കാണാൻ സർക്കാർ തയ്യാറാകണം. കർഷകരുടെ അവകാശങ്ങൾക്കായി ഒറ്റപ്പെട്ട സമരങ്ങൾ നടക്കുന്നുണ്ടെങ്കിലും പ്രശ്നപരിഹാരം ഉണ്ടാകാത്ത സാഹചര്യത്തിൽ കേരളത്തിലെ സ്വതന്ത്ര കർഷക പ്രസ്ഥാനങ്ങൾ ഒത്തൊരുമിച്ചു രംഗത്തു വരണമെന്നും ആർച്ച്ബിഷപ് പറഞ്ഞു. ഇൻഫാം ദേശീയ ചെയർമാൻ ഫാ.ജോസഫ് ഒറ്റപ്ലാക്കൽ അദ്ധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി ഫാ. ആന്റണി കൊഴുവനാൽ വിഷയാവതരണം നടത്തി. ഷെവലിയർ വി.സി.സെബാസ്റ്റ്യൻ, മുൻ എംഎൽഎ പി.സി.ജോസഫ്, സ്കറിയ നെല്ലംകുഴി, ഫാ.ജോസഫ് കാവനാടി, ഫാ.സുനിൽ വട്ടുകുന്നേൽ, ഫാ.ജോസഫ് കൊച്ചുകരോട്ട്, സ്കറിയ കളപ്പുര, ബേബി പെരുമാലിൽ, ദേവസ്യ കൊങ്ങോല, ജോസ് ചെമ്പേരി, ജെയിംസ് കോട്ടൂർ എന്നിവർ പ്രസംഗിച്ചു.

# സെന്റർ ഫോർ ഫാർമേഴ്സ് ഗൈഡൻസ് ആന്റ് റിസർച്ച്

## പി.സി.ജോസഫ് ചെയർമാൻ



കൊച്ചി: കൊച്ചിയിൽ ചേർന്ന കേരളത്തിലെ വിവിധ കർഷകപ്രസ്ഥാനങ്ങളുടെ നേതൃസമ്മേളനം സെന്റർ ഫോർ ഫാർമേഴ്സ് ഗൈഡൻസ് ആന്റ് റിസർച്ചിന് രൂപം കൊടുത്തു. പി.സി. ജോസഫ് എക്സ് എംഎൽഎ ചെയർമാനും, മാനുവൽ തോമസ് എക്സിക്യൂട്ടീവ് സെക്രട്ടറിയുമായി നിയമിക്കപ്പെട്ടു.

ഇൻഫാം, ഹൈറേഞ്ച് സംരക്ഷണ സമിതി, പശ്ചിമഘട്ട ജനസംരക്ഷണസമിതി, കുട്ടനാട് വികസനസമിതി, കേരള സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷൻ, ദേശീയ കർഷക സമാജം, സനാതനം കർഷകസമിതി, കർഷകവേദി, വെസ്റ്റേൺ ഘട്ട് പീപ്പിൾസ് പ്രൊട്ടക്ഷൻ കൗൺസിൽ, പരിയാരം കർഷകസമിതി, ദേശീയ കർഷക സമിതി, തീരദേശ പ്രസ്ഥാനമായ “കടൽ”, കാഞ്ഞിരപ്പുഴ മലയോര സംരക്ഷണസമിതി, കേര കർഷക സംഘം, ഇഎഫ്എൽ പീഡിത കൂട്ടായ്മ എന്നീ കർഷക സാമൂഹ്യ പ്രസ്ഥാനങ്ങളാണ് ഈ സെന്ററുമായി ബന്ധപ്പെട്ടുള്ളത്. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ കർഷകസംബന്ധ വിഷയങ്ങളെക്കുറിച്ച് സമഗ്രമായി പഠിക്കുകയും വിലയിരുത്തുകയും ചെയ്ത് കർഷക പ്രസ്ഥാനങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകുകയാണ് സെന്ററിന്റെ ലക്ഷ്യം.

# യുപിഎ ഭരണകാലത്തും ഇന്ത്യയിൽ ക്രൈസ്തവർക്കെതിരായ അക്രമങ്ങൾ വ്യാപകമായിരുന്നു; 2013-14 കാലയളവിൽ 7000 പേർ ഇരകളെന്ന് കണക്കുകൾ

മോദിയുടെ ഇന്ത്യയിൽ ക്രിസ്തുമതവിശ്വാസികൾ സുരക്ഷിതരാണോ? ആണെന്നോ അല്ലെന്നോ ഉറപ്പിച്ച് പറയാനാവില്ലെങ്കിലും കഴിഞ്ഞവർഷം ക്രൈസ്തവർക്കെതിരെ ഇന്ത്യയാകമാനം 120 ആക്രമണങ്ങൾ ഉണ്ടായെന്നും ഇതിൽ 7000 പേർ ഇരകളായെന്നും റിപ്പോർട്ട്. മദ്ധ്യപ്രദേശ്, ഛത്തീസ്ഗഡ്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിലാണ് ക്രിസ്ത്യാനികൾക്കെതിരെ ഏറ്റവും കൂടുതൽ ആക്രമണങ്ങൾ ഉണ്ടായിരിക്കുന്നത്. കഴിഞ്ഞ ഒരു വർഷത്തിനിടെ അഞ്ച് ക്രിസ്തുമതവിശ്വാസികൾ കൊലപാതകത്തിനിരയായെന്നും ഈ റിപ്പോർട്ട് വെളിപ്പെടുത്തുന്നു.

ബിജെപി ഭരിക്കുന്ന സംസ്ഥാനങ്ങളായ മദ്ധ്യപ്രദേശിൽ 23ഉം ഛത്തീസ്ഗഡിൽ 19ഉം കോൺഗ്രസ് ഭരിക്കുന്ന കർണ്ണാടകയിൽ 14ഉം ആക്രമണങ്ങളാണ് ഇക്കാലത്തിനിടെ ക്രിസ്ത്യാനികൾക്ക്നേരെയുണ്ടായത്. ഒഡീഷയിൽ 13ഉം ഉത്തർപ്രദേശിൽ 12ഉം കേരളത്തിൽ 9ഉം ആന്ധ്രയിലും തെലങ്കാനയിലും കൂടി 6ഉം തമിഴ്നാട്ടിൽ 5ഉം ബീഹാറിൽ 4ഉം ഡൽഹിയിൽ 5ഉം ഗോവ, മഹാരാഷ്ട്ര, പശ്ചിമബംഗാൾ, ജാർഘണ്ഡ് എന്നിവിടങ്ങളിൽ 2ഉം ഗുജറാത്ത്, പഞ്ചാബ് എന്നിവിടങ്ങളിൽ 1ഉം അക്രമങ്ങൾ ഇക്കാലത്ത് ക്രിസ്ത്യാനികൾക്കുനേരെയുണ്ടായി. 2013 ഡിസംബറിൽ ഛത്തീസ്ഗഡിലാണ് ഇതിൽ ആദ്യത്തെ കൊലപാതകമുണ്ടായത്. ഗോവിന്ദ് കുറാം കൊറാം എന്ന പതിനൊന്നുകാരനാണ് കൊല്ലപ്പെട്ടത്. ക്രിസ്തുമതത്തിലേയ്ക്ക് പരിവർത്തനം ചെയ്തതിന്റെ പേരിൽ ഗോവിന്ദിന്റെ അമ്മാവനായ ഹിന്ദുത്വവാദി അവനെ ഒരു മുറിയിൽ അടച്ചിട്ട് പട്ടിണിക്കിട്ട് കൊല്ലുകയായിരുന്നു. 2014 ജനുവരിയിൽ ഒഡീഷയിലാണ് രണ്ടാമത്തെ കൊലപാതകമുണ്ടായത്. ക്രിസ്തുമതത്തിലേയ്ക്ക് അടുത്തിടെ പലായനം ചെയ്ത 50 കാരനായ നിമ്മക്ക ലക്സ്മായ ആയിരുന്നു ഇര. പ്രാർത്ഥനായോഗങ്ങളിൽ പങ്കെടുത്ത് വീട്ടിലേയ്ക്കു മടങ്ങുമ്പോഴായിരുന്നു ഇയാൾ കൊല്ലപ്പെട്ടത്. 2014 ജൂണിൽ ആന്ധ്രയിലായിരുന്നു മൂന്നാമത്തെ കൊലപാതകം. റവറന്റ് സഞ്ജീവുലു എന്ന പാസ്റ്ററാണ് കൊല്ലപ്പെട്ടത്. 2014 ജൂണിൽ പശ്ചിമബംഗാളിൽ ദമ്പതികളായ രണ്ടു തിബറ്റുകാർ കൊല്ലപ്പെട്ടിരുന്നു. ഇവരുടെ പന്ത്രണ്ടുവയസ്സുകാരിയായ മകളുടെ കണ്ണുകൾ അക്രമികൾ ചൂഴ്ന്നെടുക്കുകയും ചെയ്തു. ക്രിസ്തുമതത്തിലേയ്ക്ക് പരിവർത്തനം ചെയ്തതിന്റെ പേരിലായിരുന്നു ഇവർ ആക്രമിക്കപ്പെട്ടത്. 2013 ഡിസംബറിനും 2014 ഡിസംബറിനും ഇടയിൽ ഇന്ത്യയിലുടനീളം 7000 ക്രിസ്ത്യാനികൾ ഭീഷണി, ആക്രമണം, സ്ഥാനഭ്രംശം തുടങ്ങിയവ നേരിടേണ്ടി വന്നിട്ടുണ്ട്. ഇത്തരം യാതനകൾ സഹിച്ച വിശ്വാസികളിൽ 1600 സ്ത്രീകളും 500 കുട്ടികളും ഉൾപ്പെടുന്നുണ്ട്. പുരോഹിതന്മാർ, സമുദായനേതാക്കൾ എന്നീ ഗണത്തിൽപെട്ട 300 പേർക്കെതിരെ ഈ കാലത്ത് ആക്രമണമുണ്ടായിട്ടുണ്ട്.

# അല്മായ മുന്നേറ്റം: പ്രാധാന്യവും സാധ്യതാമേഖലകളും

ഷെവലിയർ വി.സി.സെബാസ്റ്റ്യൻ

ഇന്ത്യയ്ക്കു പുറത്ത് സീറോ മലബാർ സഭയ്ക്ക് രണ്ടു രൂപതകളുണ്ട്. അമേരിക്കയിലെ ചിക്കാഗോ രൂപതയും ആസ്ട്രേലിയയിലെ മെൽബോൺ മാർതോമാശ്ലീഹാ രൂപതയും. കൂടാതെ ഒട്ടനവധി മിഷൻ കേന്ദ്രങ്ങളും സഭയ്ക്കുണ്ട്.

ആഫ്രിക്കൻ രാജ്യങ്ങളിലേയ്ക്ക് അദ്ധ്യാപനത്തിനായി ധാരാളം പേർ കുടിയേറിയതും 1975 -85 കാലഘട്ടങ്ങളിലാണ്. ഉഗാണ്ട, നൈജീരിയ, മുസാമ്പിക്ക്, കെനിയ എന്നവിടങ്ങളിൽ നമ്മുടെ സമൂഹം ധാരാളമായി ഇന്നുണ്ട്. അല്മായരെല്ലാം ഇവിടങ്ങളിലെ Local Church ന്റെ ഭാഗമായി ധാരാളം സീറോ മലബാർ വൈദികർ ലാറ്റിൻ രൂപതകളിൽ പ്രവർത്തിക്കുന്നുണ്ട്. ഫിലിപ്പൈൻസിലേയ്ക്ക് പഠിക്കുവാനായി പോയി തുടർന്ന് ജർമ്മനി ഉൾപ്പെടെയുള്ള യൂറോപ്യൻ രാജ്യങ്ങളിലേയ്ക്ക് കുടിയേറിയവരുമുണ്ട്. 2000-ാമാണ്ടിലാണ് ഇംഗ്ലണ്ടിൽ നേഴ്സിംഗ് മേഖലയിൽ അവസരങ്ങൾ തുറന്നു കിട്ടിയത്. തുടർന്ന് ഇംഗ്ലണ്ട്, സ്കോട്ടലന്റ്, അയർലന്റ്, നോർത്തേൺ അയലന്റ് എന്നിവിടങ്ങളിലായി അവസരങ്ങൾ നമ്മൾ ഉപയോഗപ്പെടുത്തുന്നു. അയർലന്റിൽ കത്തോലിക്കാ സഭ വലിയ പ്രതിസന്ധികളിൽ നീങ്ങുമ്പോഴും പള്ളികൾ സജീവമാകുന്നത് സീറോ മലബാർ സഭ അല്മായ സമൂഹത്തിന്റെ സാന്നിധ്യം കൊണ്ടാണ്. ഐ.ടി.മേഖലകളിലും ഇക്കാലയളവിൽ ഇന്ത്യയിലും വിദേശത്തുമായി നമ്മുടെ മക്കൾ കുടിയേറി. ഇറ്റലിയിലും, ഹോളണ്ടിലും, ബൽജിയത്തും നമ്മുടെ സജീവസാന്നിധ്യം ഇന്നുണ്ട്.

അമേരിക്കയിലേയും ഇംഗ്ലണ്ടിലേയും അയർലന്റിലെയും സാമ്പത്തിക പ്രതിസന്ധികളിൽ തളരാതെ പുതിയ മേഖലകൾ കണ്ടെത്താൻ നമ്മുടെ മക്കൾ ശ്രമിച്ചു. 2000-നോടു കൂടി ന്യൂസിലാന്റിലും, ആസ്ട്രേലിയയിലും നമുക്ക് അവസരമായി. 2005 ൽ ഈ കുടിയേറ്റം ശക്തമായി. സിംഗപ്പൂരിലേയ്ക്ക് നേഴ്സിംഗ് ജോലികൂടാതെ പഠനത്തോടൊപ്പം ജോലിക്കുമായി നമ്മുടെ യുവജനങ്ങൾ ചേക്കേറുകയുണ്ടായി. കാനഡയിലേയ്ക്ക് നമ്മുടെ സാന്നിധ്യം ഇന്ന് പ്രകടമാകുന്നു. ഇതെല്ലാം സൂചിപ്പിക്കുന്നത് ഏതു പ്രതിസന്ധികളേയും തരണം ചെയ്ത് ലോകത്തിന്റെ എല്ലാക്കോണുകളിലേയ്ക്കും എത്തിച്ചേരുവാനുതകുന്ന ശേഷിയും കാര്യപ്രാപ്തിയും നിറഞ്ഞവരാണ് സീറോ മലബാർ സഭാ അല്മായ സമൂഹമെന്നാണ്. ഈ വിശ്വാസിസമൂഹത്തെ പാരമ്പര്യത്തിലും പൈതൃകത്തിലും അടിയുറച്ചുനിർത്തി മുഖ്യധാരയിൽ ശക്തിപ്പെടുത്തി മുന്നേറുവാനുള്ള ശ്രമത്തിലാണ് സീറോ മലബാർ സഭാനേതൃത്വം.

## അന്തർദ്ദേശീയ കുടിയേറ്റങ്ങളുടെ വിവിധ നേട്ടങ്ങൾ

1. സീറോ മലബാർ കുടുംബങ്ങളിലെ സാമ്പത്തിക വളർച്ച
2. കാർഷികവൃത്തിയിൽ പ്രതിസന്ധികൾ നേരിട്ടപ്പോഴും ജീവിതസാഹചര്യങ്ങൾക്ക് തടസ്സമുണ്ടായില്ല
3. വിദേശകുടിയേറ്റം നാടിന്റെ സമഗ്രവളർച്ചക്ക് ഇടനൽകി
4. സഭയുടെ പ്രവർത്തനമേഖലകളിലും സ്ഥാപനങ്ങളുടെ വളർച്ചയിലും ഉപകരിച്ചു
5. ആഗോളതല ചിന്തകൾ നമ്മുടെ ഇടയിൽ വ്യാപിച്ചു
6. ആഗോളതലത്തിൽ മത്സരിച്ചുനേടുവാൻ നമ്മുടെ കുട്ടികളെ പ്രാപ്തരാക്കുവാൻ നമ്മുടെ സ്ഥാപനങ്ങളിൽ ശ്രമമുണ്ടായി
7. വിദേശ ജീവിതരീതികളും നമ്മുടെ ഇടയിൽ സ്വാധീനം ചെലുത്തി



**വലിയ പ്രതിസന്ധികളാണ് സീറോ മലബാർ സഭയുടെ മുന്നിലുള്ളത്. വെല്ലുവിളികൾ ഏറെ. കുടുംബങ്ങളിൽ കുട്ടികളുടെ എണ്ണം കൂടിയാൽ ഈ പ്രതിസന്ധി തീരുമോ? ദൈവവിളി വർദ്ധിച്ച് വൈദികരുടെ അംഗബലം ശക്തിപ്പെട്ടാൽ സഭ വളരുമോ? സന്യാസസഭകളുടെ ഉദ്ദേശശുദ്ധിയും ലക്ഷ്യപ്രാപ്തിയും ഇന്നെവിടെ നിൽക്കുന്നു? കുടുംബങ്ങളിലെ പ്രാർത്ഥനാ അരൂപിയും സഭാ സ്നേഹവും നഷ്ടപ്പെടുന്നുണ്ടെങ്കിൽ എവിടെയാണ് നമ്മുടെ അടിസ്ഥാനപ്രശ്നം?**

## അന്തർദ്ദേശീയ തലങ്ങളിൽ സീറോ മലബാർ സഭ നേരിടുന്ന വെല്ലുവിളികൾ

1.സീറോ മലബാർ സഭയുടെ പൈതൃകവും പാരമ്പര്യവും കൈമോശം വന്നു

2. അമേരിക്കയിലെ ചിക്കാഗോ രൂപതയും അസ്ത്രേലിയയിലെ മെൽബോൺ രൂപതയും വിവിധ രാജ്യങ്ങളിലെ മിഷൻകേന്ദ്രങ്ങളും പ്രതീക്ഷനൽകുന്നു.

3. വിദേശത്തേയ്ക്ക് ഒഴുകിയ വിശ്വാസി സമൂഹത്തോടൊപ്പം സഭയ്ക്ക് എത്തിച്ചേരാനായില്ല.

4.സഭയുടെ പാരമ്പര്യവും തനിമയും നഷ്ടപ്പെട്ട് ആദ്യകാല വിദേശകുടിയേറ്റത്തിലെ ഇന്നത്തെ മക്കൾ വ്യത്യസ്ഥലോകത്തിലൂടെ സഞ്ചരിക്കുന്നു. നാളത്തെ തലമുറയേയും ഇതിലും വലിയ ദുരന്തങ്ങൾ കാത്തിരിക്കുന്നു.

5. സഭയ്ക്ക് അല്പമെങ്കിലും പ്രതീക്ഷ നൽകുന്നത് ഗൾഫ് മേഖലകളിൽത്തന്നെ. അല്മായരുടെ കൂട്ടായ്മകൾ ശക്തമായി പ്രവർത്തിക്കുന്നു.

6. അടുത്ത തലമുറ സീറോ മലബാർ സഭയ്ക്ക് നഷ്ടപ്പെടുകയാണ്

7. മിശ്രവിവാഹങ്ങളുടെ എണ്ണം കൂടുകമാത്രമല്ല വിവാഹബന്ധം വേർപിരിയലും കൂടിവരുന്നു

8.നാട്ടിലേക്ക് സ്ഥിരമായുള്ള മടക്കയാത്ര പലർക്കും ചിന്തിക്കുവാനാകുന്നില്ല. റിട്ടയർമെന്റ് കാലത്ത് ഒരു പക്ഷേ വന്നെങ്കിലായി

9 ദൈവവിളികൾ കുറയുന്നു. കെനിയയിൽ CMI സഭയിൽ അഞ്ച് കെനിയക്കാർ വൈദികരായത് സ്മരിക്കുന്നു. ജർമ്മനിയിൽ നിന്നും ഓസ്ത്രേലിയായിൽ നിന്നും ഓരോ വൈദികരും കുവൈറ്റിൽ ഒരു സന്യാസിനിയും ഉണ്ടായത് പ്രതീക്ഷ നൽകുന്നു.

10.ഗൾഫ് രാജ്യങ്ങളിലൊഴിച്ച് ഇതര വിദേശരാജ്യങ്ങളിൽ പലയിടത്തും സർവ്വീസുകൾ (വിശുദ്ധ കുർബാന) ധാരാളം. പക്ഷേ, ഒരിടത്തും സീറോ മലബാർ സഭ (Church) സ്ഥാപിക്കപ്പെട്ടിട്ടില്ല.

11.വിദേശരാജ്യങ്ങളിലെ കുടിയേറ്റസമൂഹം Social aspect ഉം Spiritual aspect ഉം Balance ചെയ്ത് കൊണ്ടുപോകുവാൻ നിർബന്ധിതരാണ്.

12.ലോക്കൽ ലാറ്റിൻ ഹയരാർക്കിയുടെ ഭാഗമായി വളരെ vibrant സാന്നിധ്യമായി സീറോ മലബാർസഭാ സമൂഹം പ്രവർത്തിക്കുമ്പോൾ ആഗോള കത്തോലിക്കാ സഭക്ക് ഉണർവും ശക്തിയും പകർന്നേകുമെങ്കിലും സീറോ മലബാർ സഭയുടെ പ്രസക്തിയും മാർത്തോമ്മാ പൈതൃകവും നഷ്ടപ്പെടുന്നുവെന്നാണ് വാസ്തവം.

വലിയ പ്രതിസന്ധികളാണ് നമ്മുടെ മുന്നിലുള്ളത്. വെല്ലുവിളികൾ ഏറെ. കുടുംബങ്ങളിൽ കുട്ടികളുടെ എണ്ണം കൂടിയാൽ ഈ പ്രതിസന്ധി തീരുമോ? ദൈവവിളി വർദ്ധിച്ച് വൈദികരുടെ അംഗബലം ശക്തിപ്പെട്ടാൽ സഭ ശക്തിപ്പെടുമോ? സന്യാസസഭകളുടെ ഉദ്ദേശശുദ്ധിയും ലക്ഷ്യപ്രാപ്തിയും ഇന്നെവിടെ നിൽക്കുന്നു? നമ്മുടെ കുടുംബങ്ങളിലെ പ്രാർത്ഥനാ അരൂപിയും സഭാ സ്നേഹവും നഷ്ടപ്പെടുന്നുണ്ടെങ്കിൽ എവിടെയാണ് നമ്മുടെ അടിസ്ഥാനപ്രശ്നം? പന്ത്രണ്ടാം ക്ലാസിൽ വരെ മതപഠനക്ലാസുകളിൽ പങ്കുചേർന്നിട്ടും സഭയെയും ദൈവത്തെയും മറന്നുപോകുന്ന ഇന്നത്തെ യുവത്വം ഉയർത്തുന്ന വെല്ലുവിളികളെ എങ്ങനെ അതിജീവിക്കാനാകും?.


മലയാള ടെലിവിഷൻ ചരിത്രത്തിലാദ്യമായി
കാനാൻദേശം
THE BIBLE REALITY SHOW
ഗുഡ്നസ് ടിവിയിൽ
ബൈബിൾ അടിസ്ഥാനമാക്കിയുള്ള റിയാലിറ്റി ഷോ കാനാൻദേശം
10 വയസ്സു മുതൽ 45 വയസ്സുവരെ പ്രായമുള്ളവർക്ക് ലോകത്തിന്റെ ഏതു കോണിൽ നിന്നും
പരിപാടിയിൽ പങ്കെടുക്കാം.
Contact: Phone : 8606420011,canandesham@gmail.com
" അറിവാണ് സമൃദ്ധി ബൈബിളാണ് അറിവ് "
www.goodnesstv.tv
GOODNESS
ഞായർ രാത്രി 7:30
പുനഃപ്രക്ഷേപണം
തിങ്കൾ 7: 30 am
ബുധൻ 2.00 pm
വെള്ളി 4:00 pm

# LAITY VOICE





# ക്രിസ്തുവിലൂള്ള ജീവിതം

**കഴിഞ്ഞ ലക്കം തുടർച്ച...**

## അധ്യായം രണ്ട്

## മാനവസമൂഹം

### വ്യക്തിയും സമൂഹവും

**എന്തിലാണ് മനുഷ്യന്റെ സാമൂഹികമാനം അടങ്ങിയിരിക്കുന്നത്?**

മനുഷ്യവ്യക്തിക്ക് സൗഭാഗ്യത്തിലേയ്ക്കുള്ള വ്യക്തിപരമായ വിളിയോടൊപ്പം അവന്റെ പ്രകൃതിയുടെയും വിളിയുടെയും സാരാംശപരമായ ഉള്ളടക്കമെന്ന നിലയിൽ ഒരു പൊതുമാനവും ഉണ്ട്. തീർച്ചയായും ദൈവം തന്നെയായ ഒരേ ലക്ഷ്യത്തിലേയ്ക്ക് എല്ലാവരും വിളിക്കപ്പെട്ടിരിക്കുന്നു. ദൈവികവ്യക്തികളുടെ സംസർഗ്ഗവും സത്യത്തിലും സ്നേഹത്തിലും മനുഷ്യർ തമ്മിൽ സ്ഥാപിക്കേണ്ട സാഹോദര്യവും തമ്മിൽ ചില സാധർമ്യങ്ങളുണ്ട്. അയൽക്കാരനോടുള്ള സ്നേഹം ദൈവസ്നേഹത്തിൽ നിന്ന് വേർതിരിക്കാനാവാത്തതുമാണ്.

**വ്യക്തിയും സമൂഹവും തമ്മിലുള്ള ബന്ധമെന്താണ്?**

എല്ലാ സാമൂഹിക സ്ഥാപനങ്ങളുടെയും തത്ത്വവും കർത്താവും ലക്ഷ്യവും മനുഷ്യവ്യക്തിയാണ്, ആയിരിക്കേണ്ടതാണ്. കുടുംബവും രാഷ്ട്രവും പോലുള്ള ചില സമൂഹങ്ങൾ മനുഷ്യവ്യക്തിക്ക് ആവശ്യകമാണ്. സഹായകതത്വത്തോട് അർഹമായ ആദരവോടുകൂടിയ ദേശീയ അന്തർദ്ദേശീയ തലങ്ങളിലുള്ള മറ്റു സംഘടനകളും ഉപകാരപ്രദങ്ങൾ തന്നെ.

**എന്താണ് സഹായകതത്വം?**

കൂടുതൽ ഉന്നതമായ സ്ഥാനത്തുള്ള ഒരു സമൂഹം താഴ്ന്നനിലയിലുള്ള ഒരു സമൂഹത്തിന്റെ കടമ സ്വയം ഏറ്റെടുത്ത് അതിന്റെ അധികാരം ഇല്ലാതാക്കരുതെന്ന് സഹായകതത്വം ഉദ്ദേശിക്കുന്നു. ആവശ്യം വരുമ്പോൾ താഴ്ന്ന നിലയിലുള്ളതിനെ ഉന്നതസ്ഥാനത്തുള്ള സമൂഹം സഹായിക്കണം.

**ഒരു യഥാർത്ഥ മാനുഷിക സമൂഹത്തിന് ഇതിനും പുറമെ എന്താണ് ആവശ്യമായിരിക്കുന്നത്?**

നീതിയോടുള്ള ആദരം, മൂല്യങ്ങളുടെ ശരിയായ ഒരു ഹയരാർക്കി, ഭൗതികവും വാസനാപരവുമായ മാനങ്ങളെ ആന്തരികവും ആത്മീയവുമായവയ്ക്ക് വിധേയമാക്കൽ എന്നിവ യഥാർത്ഥ മാനുഷികസമൂഹം ആവശ്യപ്പെടുന്നുണ്ട്. സവിശേഷമായി എവിടെ പാപം സാമൂഹികാന്തരീക്ഷത്തെ ദുഷിപ്പിച്ചിരിക്കുന്നുവോ അവിടെ ഹൃദയങ്ങളുടെ പരിവർത്തനത്തിനായുള്ള വിളി അത്യാവശ്യമാണ്. കൂടാതെ, ഓരോ വ്യക്തിയുടെയും സമഗ്രതയിൽ സേവിക്കാൻ പോന്ന സാമൂഹിക മാറ്റങ്ങൾ നേടാൻ ആവശ്യമായ ദൈവകൃപയ്ക്കായുള്ള വിളിയും അത്യാവശ്യമാണ്. നീതിയുടെ പരിശീലനം ആവശ്യപ്പെടുകയും സാധ്യമാക്കുകയും ചെയ്യുന്ന ഉപവിയാണ് ഏറ്റവും വലിയ സാമൂഹിക കല്പന.

### സാമൂഹിക ജീവിതത്തിലെ പങ്കാളിത്തം

**സമൂഹാധികാരത്തിന്റെ അടിസ്ഥാനം എന്താണ്?**

എല്ലാ മാനുഷിത സമൂഹത്തിനും നിയമാനുസൃതമായ ഒരു അധികാരം ആവശ്യമുണ്ട്. അത് ക്രമം നിലനിർത്തുകയും പൊതുനന്മയുടെ സാക്ഷാത്കാരത്തിനായി പ്രവർത്തിക്കുകയും ചെയ്യുന്നു. ഇത്തരം അധികാരത്തിന്റെ അടിസ്ഥാനം മനുഷ്യപ്രകൃതിയിൽ തന്നെയാണ് സ്ഥിതി ചെയ്യുന്നത്. എന്തെന്നാൽ ദൈവസ്ഥാപിത ക്രമത്തോട് അത് ചേർന്നുപോകുന്നു.

**എപ്പോഴാണ് അധികാരം നിയമാനുസൃതമായി വിനിയോഗിക്കപ്പെടുന്നത്?**

പൊതുനന്മയ്ക്കായി പ്രവർത്തിക്കുമ്പോഴും അതുനേടാൻ ധാർമ്മികമായി നിയമാനുസൃതങ്ങളായ മാർഗ്ഗങ്ങൾ ഉപയോഗിക്കുമ്പോഴുമാണ് അധികാരം നിയമാനുസൃതമായി വിനിയോഗിക്കുന്നത്. അതുകൊണ്ട് രാഷ്ട്രഭരണകൂടങ്ങൾ പൗരന്മാരുടെ സ്വതന്ത്രതീരുമാനത്താൽ നിശ്ചയിക്കപ്പെടണം. 'നിയമവാഴ്ച'യുടെ തത്വം അധികാരികൾ ആദരിക്കണം. അതിൽ നിയമത്തിനായിരിക്കണം പരമാധികാരം. അല്ലാതെ ചിലരുടെ തന്നിഷ്ടങ്ങൾക്കാകരുത്. നീതിരഹിതങ്ങളായ നിയമങ്ങളും ധാർമ്മികക്രമത്തിനു വിരുദ്ധങ്ങളായ നടപടിക്രമങ്ങളും മനസാക്ഷിയിൽ കടപ്പെടുത്താവുന്നവയല്ല.

**എന്താണ് പൊതുനന്മ?**

ജനങ്ങളെ സംഘങ്ങളെന്ന നിലയിലോ വ്യക്തികൾ എന്ന നിലയിലോ തങ്ങളുടെ യഥാർത്ഥപൂർണ്ണത നേടാൻ സഹായിക്കുന്ന സാമൂഹിക ജീവിതത്തിന്റെ അവസ്ഥകളുടെ ആകെത്തുകയെയാണ് പൊതുനന്മകൊണ്ടുദ്ദേശിക്കുന്നത്.

**പൊതുനന്മയിൽ എന്ത് ഉൾക്കൊണ്ടിരിക്കുന്നു?**

പൊതുനന്മ ഉൾക്കൊള്ളുന്നു: വ്യക്തിയുടെ അടിസ്ഥാന അവകാശങ്ങളോടുള്ള ആദരവും അവയുടെ പ്രോത്സാഹനവും, വ്യക്തികളുടെയും സമൂഹത്തിന്റെയും ആത്മീയവും ഭൗതികവുമായ നന്മകളുടെ വികാസം; എല്ലാവരുടെയും സമാധാനവും സുരക്ഷിതത്വവും.

**പൊതുനന്മയുടെ ഏറ്റവും പൂർണ്ണമായ സാക്ഷാത്കാരം എവിടെയാണ് ഒരുവന് കണ്ടെത്താവുന്നത്?**

മനുഷ്യകുടുംബത്തിന്റെ മുഴുവൻ സാർവ്വത്രിക നന്മ മറക്കാതെ പൗരന്മാരുടെയും സാമൂഹിക ഉപസംഘങ്ങളുടെയും നന്മ സംരക്ഷിക്കുകയും വളർത്തുകയും ചെയ്യുന്ന രാഷ്ട്രസമൂഹങ്ങളിലാണ് പൊതുനന്മയുടെ ഏറ്റവും പൂർണ്ണമായ സാക്ഷാത്കാരം കണ്ടെത്താവുന്നത്.

**പൊതുനന്മ കൈവരിക്കുന്നതിന് എങ്ങനെ ഒരുവൻ പങ്കുചേരണം?**

എല്ലാ സ്ത്രീപുരുഷന്മാരും താന്താങ്ങളുടെ സ്ഥാനവും ധർമ്മവുമനുസരിച്ച് പൊതുനന്മ വളർത്താനായി പങ്കുചേരേണ്ടതുണ്ട്. ശരിയായ നിയമങ്ങളെ ആദരിച്ചും തങ്ങൾക്കു വ്യക്തിപരമായി ഉത്തരവാദിത്വമുള്ള രംഗങ്ങൾ (ഉദാഹരണത്തിന്, തങ്ങളുടെ കുടുംബത്തിന്റെ പരിപാലനം, തങ്ങളുടെ ജോലിയോടുള്ള സമർപ്പണം എന്നിവ) ഏറ്റെടുത്തും ഈ പങ്കാളിത്തം നടത്താനാവും. സാധിക്കുന്നിടത്തോളം പൊതുജീവിതത്തിൽ പൗരന്മാർ സജീവപങ്കുവഹിക്കുകയും വേണം.

(തുടരും)

*പിഒസി പ്രസിദ്ധീകരിച്ച കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥത്തിൽ നിന്ന്

**നിങ്ങളുടെ മനസിനെ നിർമ്മലമായി സൂക്ഷിക്കുവിൻ (1 പത്രോ.3:16).**

Published and edited by Chev.V C Sebastian Valliamthadathil, Santhigri Residency, Palampra P.O., Kanjirapally
Kottayam Dist., India. Ph: 04828 234056, Mob: 9447355512, E-mail: chevaliersebastian@gmail.com

SHAIJU.CHACKO7@GMAIL.COM

Private circulation